
## വായനാ പ്രവർത്തനങ്ങൾ

# കുട്ടിവായന



തയാറാക്കിയത് : ശശിധരൻ കല്ലേരി

# കുട്ടിവായന

**അക്ഷരം അറിഞ്ഞു വായിക്കുകയും അതിലുടെ പുതി യ പദങ്ങൾ മനസ്സിലാക്കി അവ സന്ദർഭാനുസരണം പ്രയോ ഗിക്കുകയും ചെയ്യേണ്ടതുണ്ട്.അത് വായന ലളിതമാക്കും. പുതിയ സന്ദർഭങ്ങളിൽ പദങ്ങൾ വാചികമായി ഉപയോഗി ക്കാനും എഴുതാനും സഹായിക്കുകയും ചെയ്യും.**

**ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായിക്കാൻ പ്രയാസപ്പെടുന്ന കുട്ടിക ൾക്ക് കുട്ടിവായന എന്ന ഈ പുസ്തകം ലളിതമായി ഉപയോഗിക്കാൻ കഴിയും.**

## എ.കെ.എസ്.ടി.യു അക്കാദമിക് കൗൺസിലിനു വേണ്ടി തയാറാക്കിയത്

**തയാറാക്കിയത് :**

**ശശിധരൻ കല്ലേരി**

**പ്രൈമറി അദ്ധ്യാപകൻ**

**എൻ ഐ എൽ പി സ്കൂൾ ചിറ്റേത്തുകര.**

**എറണാകുളം**

**kalleri007@gmail.com**

**9061958271**

## പ്രവർത്തന പത്രം.1

### യോജിച്ച വാക്കുകൾ ചേർത്തു പറയാം.

വ

| | | |
|---|---|---|
| വിത്ത് | വെട്ടി | വിട |
| വായിച്ചു | | വിതച്ചു |
| വാഴ | | വര |
| വീണ | വരച്ചു | വാങ്ങി |

### വഴി

വഴി ഇല്ലാത്തവർ

വഴിയതു വെട്ടും

വലിയൊരു ലോകം വരവായി.

വിത്ത് വിതച്ചവർ

വിളകൾ വെട്ടും

വാഴ് വത് വേഗം വരവായി.

### വായിക്കാം,എഴുതാം.

വല വിരിച്ചു.

വീണ വായിച്ചു.

വാഴ വെട്ടി.

വര വരച്ചു.

വിത്ത് വിതച്ചു

വിട വാങ്ങി.

## പ്രവർത്തന പത്രം.2

### വായിക്കാം....

വയൽ
വലിയ വയൽ.
വിശാലമായ വയൽ.
വയലിൽ വാഴ.
വലിയ വാഴ.
വയലിൽ വലിയ വാഴ.
വാഴയിൽ വാഴക്കുല.
വലിയ വാഴക്കുല.
വയലിൽ വലിയ വാഴക്കുല.

### ക്രമപ്പെടുത്തി എഴുതാം വായിക്കാം.

വയലിൽ വിതച്ചു വിത്ത് .

വാഴക്കുല വലിയ വെട്ടി .

വായിച്ചു വീണ വാണി .

### ചൊല്ലി രസിക്കാം.

#### വിളകൾ

വിത്തു വിതച്ച വയലിൽ വിളകൾ
വളർന്നു വരുന്നതു കണ്ടോളൂ.
വണ്ടുകൾ പറവകൾ വയലിൽ നിത്യം
വിളവുകൾ തിന്നാൻ വരവായി.

# കുട്ടിവായന.3

*പ്രവർത്തന പത്രം.3*

ചേരുന്നവ ചേർക്കുക.

| | |
|---|---|
| പറവ | പണ്ടേ |
| പഴം | പൂമ്പാറ്റ |
| പാട്ട് | പറന്നു |
| പൂവിൽ | പാറി |
| പണ്ടു | പൂന്തേൻ |
| പൂവിൽ | പഴുത്തു |
| പൂമ്പാറ്റ | പാടി |

## എഴുതാം വായിക്കാം.

പൂവിൽ പൂമ്പാറ്റ

പാടാം പാടാം.

## പനിമതി

പാതിര നേരം പനിമതി വന്ന്
പാരിൽ വെട്ടം വിതറുമ്പോൾ
പൂന്തോട്ടത്തിൽ പൂക്കൾ വിരിഞ്ഞ്
പൂമണം അവിടെ നിറവായി.
പുലരി പിറന്നു വരുമ്പോളന്ന്
പെരുമഴ പെയ്തൊരു നേരത്ത്.
പൂന്തേനുണ്ട് രസിക്കും തുമ്പികൾ
പുതുമഴ പൂകി കളിയായി.

# കുട്ടിവായന.4

## *പ്രവർത്തന പത്രം.4*

## വായിക്കാം

പറവ പറന്നു.

പാറി പറന്നു.

പറവ പാറി പറന്നു .

പറവ പാറിപ്പറന്നു.

പുരയുടെ മുകളിൽ പറന്നു.

പറവ പുരയുടെ മുകളിൽ പറന്നു.

പറവ പുരയുടെ മുകളിൽ പാറിപ്പറന്നു.

## ശരിയായ വാചകം കണ്ടെത്തുക. കളത്തിൽ എഴുതുക.

| | | |
|---|---|---|
| പലം പണിതു. | പാലം പണിതു. | |
| പാല പൂത്തു. | പല പൂത്തു. | |
| പട്ട് പാടി. | പാട്ട് പടി. | പാട്ട് പാടി. |
| പശു പൽ തരും. | പാശു പാൽ തരും. | പശു പാൽ തരും. |
| പാവം പാത്തു. | പവം പാത്തു. | പാവം പത്തു. |
| പണ്ടൻ പട്ടി. | പണ്ടൻ പാട്ടി. | പാണ്ടൻ പട്ടി. |

## ഉറക്കെ വായിക്കുക.

# കുട്ടിവായന.5

## പ്രവർത്തന പത്രം.5

### വായിക്കാം

മാനം

മുത്തു മാനത്ത് നോക്കി.

മാനം നിറയെ മേഘങ്ങൾ.

മാനം നിറയെ കറുത്ത മേഘങ്ങൾ.

മഴ പെയ്തു.

മുത്തു മുറ്റത്തിറങ്ങി.

മുത്തു മഴ കണ്ടു.

മുത്തു മഴ കൊണ്ടു.

മേനി നനഞ്ഞു.

മേനി നിറയെ മഴവെള്ളം.

### വാക്കുകൾ ക്രമപ്പെടുത്തി എഴുതുക, വായിക്കുക.

മെലിഞ്ഞ്,മേനി, മിനുമിനുത്ത.

മുഴുത്ത,മൂത്ത്,മാങ്ങ.

മണം,വറുത്ത,മത്തി.

ഒരു,മയിൽ,മലയിൽ.

മാനത്ത്, ഒഴുകുന്നു,മേഘങ്ങൾ.

മാല,മുത്ത്,കൊരുത്ത

## പ്രവർത്തന പത്രം.6

### പാടി നടക്കാം,പാടി രസിക്കാം.

### മഴവില്ല്

**മി**ന്നലു വന്നൊരു നേരത്ത്.

**മ**ഴയതു വന്നൊരു നേരത്ത്.

**മാ**നത്തു വിരിഞ്ഞൊരു **മ**ഴവില്ല്.

**മേ**നി വളഞ്ഞൊരു **മ**ഴവില്ല്.

**മേ**നിയിൽ ഏഴു നിറങ്ങൾ പൂശി

**മാ**നത്തങ്ങനെ നിൽക്കുമ്പോൾ

**മേ**നിയിൽ **മ**ഴയതു കൊണ്ടൊരു നേരം

**മ**ഴവില്ലലിഞ്ഞു **മ**റഞ്ഞല്ലോ.

### പൂരിപ്പിക്കാം വായിക്കാം.

(മണം,മിഴിയിൽ, മലരുകൾ,മാസം,മണം)

മണിയൻ പൂച്ച .............................. പിടിച്ച് വന്നു.

മേട .....................................................പുലർന്നു.

മാലു .......................................കരിമഷി എഴുതി.

മീൻ ...........................കിട്ടി മണിയൻ പൂച്ച വന്നു.

മരത്തിൽ നിറയെ................................................

### ശരിയായ വാക്ക് ഏത് ?

| | |
|---|---|
| മുയൽ, മൂയൽ. | |
| മൂത്രം, മുത്രം. | |
| മടിഞ്ഞു ,മുടിഞ്ഞു, | |
| മുരണ്ടു ,മരണ്ടു . | |
| മുളി മൂളി. | |

# കുട്ടിവായന.7

## പ്രവർത്തന പത്രം.7

### വായിക്കൂ...

ഉറുമ്പ്

ഉറുമ്പ് വലിയ ചോണനുറുമ്പ്.

ഉറുമ്പ് മുറിയിൽ വന്നു.

ഉറുമ്പ് തറയിൽ നടന്നു.

തറ

തറയിൽ ഒരു പറ.

പാറു വന്നു.

പാറു പറ നിറച്ചു.

പത്തു പറ നെല്ല് നിറച്ചു.

പാറു പത്തു പറ നെല്ല് നിറച്ചു.



### വായിക്കാം വായിക്കാം

കാറ്

ഒരു കാറ്.

ഒരു ലോറി.

കാറിരമ്പി വന്നു.

കറുത്ത കാറ്.

പുറകിൽ ലോറി.

വെളുത്ത ലോറി.

കാറും ലോറിയും നിന്നു.

പാറു കാറിൽ നിന്നും ഇറങ്ങി.

ലോറൻസ് ലോറിയിൽ നിന്നും ഇറങ്ങി.

**പറവകൾ**

പറവകൾ പാറും മാനത്ത്

കാറുകൾ ഒഴുകും നേരത്ത്

പാറക്കെട്ടിൽ ഇരിക്കും തവള

അലറി വിളിച്ചു മഴ വന്നേ.

ചെറുമഴ പെരുമഴ  പെയ്തപ്പോൾ

റോഡും കുളവും നിറഞ്ഞപ്പോൾ

തറയിൽ ഇരുന്നൊരു എലി ചൊല്ലി

തവള അപറഞ്ഞതു നേരായേ.

## പ്രവർത്തന പത്രം.8

**ശരിയായ പദം ഏത്.**

പറവി / പിറവി

അറിഞ്ഞു / അറഞ്ഞു

മുറഞ്ഞു /മുറിഞ്ഞു

കുറയ / കുറിയ

പറിച്ചു / പറച്ചു

കൊറുച്ചു / കൊറിച്ചു

അറയാതെ / അറിയാതെ

## വാക്കുകൾ ക്രമപ്പെടുത്തു,വായിക്കൂ.

വന്നു,പറന്ന്,പറവ. ..............................................................

റവ, പാറു, വറുത്തു. ..............................................................

കറുമുറെ ,മുറുക്ക്,തിന്നു. ..............................................................

അവൻ,പറഞ്ഞതാ, അറിയാതെ. ..............................................................

## അനുയോജ്യമായവ യോജിപ്പിക്കുക വായിക്കുക.

| | |
|---|---|
| മാറി | തുറന്നു. |
| പറവ | നിറച്ചു. |
| കറുത്ത | വറുത്തു. |
| റവ | പാറ. |
| മുറി | പറന്നു. |
| പറ | മറിഞ്ഞു. |

## *പ്രവർത്തന പത്രം.9*

**പറയാം,പാടാം.**

## പുതുമഴ

**തീ**രം **തേ**ടും **തി**രകളെ നോക്കി
**തി**ങ്കൾ ഇരുന്നു ചിരിക്കുന്നു.
**താ**രകൾ വന്ന് മാനത്ത്
**തൂ**മഴ കണ്ട് രസിക്കുമ്പോൾ
**തൊ**ടിയിൽ ഇരുന്നൊരു
**ത**വള പറഞ്ഞു
**തൂ**മഴ പു**തു**മഴ  വരവായി.
**താ**രകൾ നിറഞ്ഞൊരു മാനത്തൂന്ന്
**തൂ**മഴ പു**തു**മഴ വരവായി

**ഉറക്കെ വായിക്കാം.**

**ത**ടാകം
വീ**തി**യുള്ള **ത**ടാകം.
**ത**ടാകത്തിൽ **താ**മര.
**തൂ**വെള്ള നിറമുള്ള **താ**മര.
**താ**മരയെ കാറ്റ് **ത**ഴുകി.
**താ**മര കാറ്റിൽ **തു**ള്ളി.

**മൗന വായന**

പഴുത്ത **ത**ക്കാളി.
**തത്ത** പഴം കൊ**ത്തി**.
പൂ**ത്ത** പ**ത്തി**രി.
പ**ത്ത്** പ**ത്ത്** നൂറ്.
**തത്ത തത്തി** നടന്നു.

*പ്രവർത്തന പത്രം.10*

**ചേർത്ത് പറയാം ചേർത്ത് എഴുതാം.**

| | | |
|---|---|---|
| **താ**ടി | **തു**ള്ളി | |
| **ത**റ | **തു**ഴഞ്ഞു | |
| **ത**ല | **ത**ഴുകി | |
| **തോ**ണി | **തു**ടച്ചു. | |
| **താ**ളം | **ത**ടവി | . |

**ശരിയായ വാചകം എടുത്തെഴുതുക. ഉറക്കെ വായിക്കുക.**

പിതയെ തൊട്ടു. പതിയെ തൊട്ടു.

ഇതലെ വന്നു.ഇതിലെ വന്നു.

അതിൽ ഒതുക്കി.അതൽ ഒതിക്കി.

തര തീരം തൊട്ടു. തിര തരം തൊട്ടു. തിര തീരം തൊട്ടു.

പുതയ പതിപ്പ്. പുതിയ പതിപ്പ്. പുതിയ പതപ്പ്.

പതയെ തിരഞ്ഞു നടന്നു. പതിയെ തരിഞ്ഞു നടന്നു. പതിയെ തിരിഞ്ഞു നടന്നു.

# കുട്ടിവായന.11

## പ്രവർത്തന പത്രം.11

### ഉറക്കെ വായിക്കുക

മലനിര

മലനിരയിൽ മരങ്ങൾ .

മരങ്ങളിൽ മലരുകൾ .

ഒരു അരുവി ഒഴുകുന്നു.

അരുവിയുടെ കരയിൽ പാറകൾ.

ഒരു പാറയിൽ ഒരു കുരുവി ഇരിക്കുന്നു.

### ശരിയായ വാചകം ഏത് ?കണ്ടെത്തി വായിക്കുക.

ചുരുണ്ട് ഉരണ്ട അട്ട. ചുരുണ്ട് ഉരുണ്ട അട്ട.

..................................................................

കരുവി കരഞ്ഞു. കുരുവി കരഞ്ഞു.

...................................................................

അരുതരത് വരരുത്. ആരുതരുത് വരരുത്. അരുതരുത് വരുരത്.

...................................................................

പരപരുത്ത ഒരു പാറ, പരുപരുത്ത ഒര പാറ, പരുപരുത്ത ഒരു പാറ
...................................................................

ഇരണ്ട കരിവണ്ട്. ഇരുണ്ട കരിവണ്ട്.

...................................................................

അരുവിയിൽ ഉരണ്ട ഒരു പാറ.അരവിയിൽ ഉരുണ്ട ഒര പാറ. അരുവിയിൽ ഉരുണ്ട ഒരു പാറ

........................................................

# കുട്ടിവായന.12

***പ്രവർത്തന പത്രം.12***

**കൊച്ചു പാട്ട് പാടാം .**

## കരിവണ്ട്

അരുവിക്കരയിൽ ഒരു മരത്തിൽ
മലരുകൾ വിരിഞ്ഞ് വിലസുന്നു.
അതു കണ്ടുരുണ്ടൊരു കരിവണ്ട്.
ഉരുണ്ടു കറുത്തൊരു കരിവണ്ട്
ഇരമ്പി മുരണ്ടു വരുന്നുണ്ട്.
മലരിൻ ഇരുന്നാ കരിവണ്ട്
പൂന്തേൻ നുകർന്നു രസിക്കുന്നു.

**വായിക്കാം.**

ചിരിച്ച് ചിരിച്ച് തളർന്നു.

ഒരു വരം തരുമോ ?

കരി പുരണ്ട മുഖം.

നുരഞ്ഞ് നുരഞ്ഞ് വന്നു.

മരം ഒരു വരം.

**ശരിയേതെന്ന് പറയുക, എഴുതുക,വായിക്കുക.**

| | |
|---|---|
| വരം / വംരം | |
| ഹരം / ഹര | |
| മര / മരം | |
| തീര / തീരം | |
| ചുരം / ചുരം | |

## പ്രവർത്തന പത്രം.13

### വായിക്കുക

ചിലന്തി.

ചിലന്തി വല നെയ്തു.

ചുമരിലാണ് ചിലന്തി വല നെയ്തത്.

മാലു വല കണ്ടു.

മാലു അമ്മ കമലുവിനോട് പറഞ്ഞു.

"അമ്മേ, ചുമരിൽ ഒരു വല."

ഒരു ചിലന്തി വല.

മാലതിയും വല കണ്ടു.

മാലതി ചൂലെടുത്തു.

മാലതി ചൂലും കൊണ്ട് വല തട്ടി.

എട്ടുകാലി എട്ട് കാലിൽ ഓടി.

### വായിക്കാം.

അലഞ്ഞു , അലിഞ്ഞു

വലഞ്ഞു , വലിഞ്ഞു

നിലച്ചു , നീലിച്ചു

വലത്, വലുത്

അലയുക, അലിയുക

### വായിക്കാം, വായിക്കാം

പുലി,വലിയ പുലി.

മുയലും മയിലും മലയിൽ.

ശാലു നല്ല നിലയിലാ.

അലി ചിലപ്പോൾ വരും.

വലയിൽ വലിയൊരു മീൻ.

കല കലി തുള്ളി.

***പ്രവർത്തന പത്രം.14***

**ശരിയായ പദം ഏത് ? എടുത്തെഴുതൂ,വായിക്കൂ.**

വലയ/ വലിയ ................................

ചലിച്ചു / ചിലച്ചു ................................

കലപ്പ് / കലിപ്പ് ................................

വലച്ചു / വലിച്ചു ................................

നീലച്ച / നീലിച്ച ................................

**പൂരിപ്പിച്ച് വായിക്കാം.**

(ഒലിച്ചു, ചിലപ്പോൾ ,വേല,വില്ല്, വലിയയൊരു )

1.വേലു ............ കുലച്ചു.

2. വേലു ........... ചെയ്തു.

3. മതിലിൽ ........... ചിലന്തി.

4. മണലെല്ലാം ........... പോയി.

5. അലവി .......... വരും.

**പാടാം പാടി രസിക്കാം.**

**മല**

മലയുണ്ടിവിടെ വയലുണ്ട്
കുയിലും മുയലും ഉണ്ടിവിടെ
മയിലും കായലും ഉണ്ടിവിടെ
പല പല കാഴ്ചകളാലീ നാട്
വിലസുകയാണീ മല നാട്.

# കുട്ടിവായന.15

## *പ്രവർത്തന പത്രം.15*

### അറിഞ്ഞു വായിക്കാം

**ചിന്ത**

ചിന്ത ചിന്തിച്ചിരുന്നു.

ചക്കയുടെ ചുള ചക്കച്ചുള,

ചാക്കിൽ നിറയെ ചാക്കരി.

ചിരവയിൽ ഒരു ചിലന്തി.

ചോലയിൽ ചേല അലക്കി.

ചന്തയിൽ ഒരു ചെന്തെങ്ങ്.

ചേല ചുറ്റിയ ചക്കി.

**ചക്കര മാവ്**

ചക്കര മാവിൻ കൊമ്പത്ത്

ഛിൽ ഛിൽ ഛിൽ ഛിൽ ചൊല്ലിയൊരാൾ

ചാടി മറഞ്ഞത് കണ്ടപ്പോൾ

ചക്ക മരത്തിൻ ചോട്ടിലിരിക്കും

ചിണ്ടൻ എലിക്കും ഒരു മോഹം

ചക്ക ചുളയതു തിന്നേണം

### വായിക്കാം

ചക്കര മാവിൻ ചില്ലയിലിരുന്ന്
ഛിൽ ഛിൽ കരയും കുഞ്ഞണ്ണാൻ.

ചക്ക ചുളയതു തിന്നാനായ്
ചക്കിയിരുന്ന് കരയുന്നു.

ചന്തു പറഞ്ഞത് നേരാണ്.
ചന്തയിൽ ഉള്ളത് ചെന്തെങ്ങ്.

ചക്കിലാട്ടിയ വെളിച്ചെണ്ണ
ചെന്നെടുത്തത് കൊച്ചമ്മ.

### വായിക്കാം

| | |
|---|---|
| പച്ച | വച്ചു |
| ഒച്ച് | മിച്ചം |
| മച്ച് | ഒച്ച |
| പച്ച | കച്ചി |
| പിച്ച | അച്ചി |

# കുട്ടിവായന.16

***പ്രവർത്തന പത്രം.16***

**ശരിയേത്. ശരിയായ പദം എടുത്തെഴുതു.**

ചകര / ചാകര .................................

ചോര / ചൊര .................................

ചൊക്ക് / ചോക്ക് .................................

ചൊതി / ചോതി .................................

ചൊല / ചോല .................................

**ശരിയായ വാചകം എടുത്തെഴുതുക, വായിക്കുക.**

ചിന്നു ചെല ചുറ്റി. / ചിന്നു ചേല ചറ്റി. / ചിന്നു ചേല ചുറ്റി.

ചില ചല ചൊദ്യങ്ങൾ./ ചല ചില ചോദ്യങ്ങൾ.ചില ചില ചോദ്യങ്ങൾ.

ചിത്തിര ചൊദിച്ചു / ചിത്തിര ചോദിച്ചു /ചത്തിര ചോദിച്ചു.

ചിന്ത ചന്തയിൽ മുഴുകി.ചന്ത ചിന്തയിൽ മുഴുകി.ചിന്ത ചിന്തയിൽ മുഴുകി.

ചേരു മരത്തിൽ ഒരു ചര.ചര മരത്തിൽ ഒരു ചേര. ചേരു മരത്തിൽ ഒരു ചേര.

**ചേർത്ത് പറയാം, വായിക്കാം**

| | | |
|---|---|---|
| മാല | ചാർത്തി. | ................................... |
| ചേന | പറിച്ചു. | ................................... |
| ചകിരി | പിരിച്ചു. | ................................... |
| ചക്ക | പറിച്ചു. | ................................... |
| ചുക്ക് | കാപ്പി. | ................................ |

## പ്രവർത്തന പത്രം.17

### വായിക്കാം

വടി പിടിച്ചു.

വടി ഒടിച്ചു.

കടി കടിച്ചു.

മടിച്ച് മടിച്ച്.

പൊടി പൊടിച്ചു.

നടി നടിച്ചു.

കാടി കുടിച്ചു.

### ആട്

ആട് പടി കടന്ന് വന്നു.

ആട് ആടി ആടിയാണ് വന്നത്.

പടി കടന്ന ഉടനെ ആട് വീണു.

ആട് കിടന്ന് പിടഞ്ഞു.

ട്രീസ ഓടി ചെന്നു.

അവൾ ആടിനെ പിടിച്ച് പൊക്കി.

### പാടാം പാടിക്കളിക്കാം.

#### തൊടി

പടി കടന്നെത്തിയ കാറ്റ് പറഞ്ഞു
മടി കൂടാതെ ആടുക നീ.
തൊടിയിലെ ചെടിയിലെ പൂക്കൾ പറഞ്ഞു,
താഴെയിടാതെ നോക്കണേ നീ.

## *പ്രവർത്തന പത്രം.18*

ശരിയായ പദം ഏത് ? എടുത്തെഴുതുക, വായിക്കുക.

മൊടി / മോടി ....................

കൊടി / കോടി ....................

ചോടി / ചൊടി ....................

തെടി / തേടി ....................

വെടി / വേടി ....................

### ശരിയായ വാചകം എടുത്തെഴുതുക, വായിക്കുക.

ചെടയിൽ വാടിയ പൂക്കൾ.ചെടിയിൽ വാടയ പൂക്കൾ. ചെടിയിൽ വാടിയ പൂക്കൾ.

മടച്ച് മടിച്ച് വന്നു.മടിച്ച് മടച്ച് വന്നു. മടിച്ച് മടിച്ച് വന്നു.

പൊടി പൊടച്ചു. പൊടി പൊടിച്ചു.പൊട പൊടിച്ചു.

കോടി പിടിച്ചു. കൊടി പിടിച്ചു.കൊട പിടിച്ചു.

താടി വടച്ചു. താടി വടിച്ചു.തടി വടിച്ചു.

### വായനാ സമയം.

ടോമി വടി ഒടിച്ച് വന്നു.
ടിന്റു മടിച്ച് മടിച്ച് വന്നു.
ഓടി ഓടി തളർന്നു.
കൊടി പിടിച്ച് നടന്നു.
ടീന ആടി ആടി വന്നു.

## പ്രവർത്തന പത്രം.19

**വായിക്കുക**

കാക്ക

കറുത്ത കാക്ക.

കറുത്ത കുറിയ കാക്ക.

കൊക്കി നടക്കുന്ന കാക്ക

കാണാൻ അഴകുള്ള കാക്ക.

കൊത്തി തിന്നുന്ന കാക്ക.

കൊത്തി തിന്നുന്ന കറുത്ത കാക്ക.

കൊക്കി നടന്ന് കൊത്തി തിന്നുന്ന കാക്ക.

കൊക്കി നടന്ന് കൊത്തി തിന്നുന്ന കറുത്ത കാക്ക.

കൊക്കി നടന്ന് കൊത്തി തിന്നുന്ന കാണാൻ അഴകുള്ള കറുത്ത കാക്ക.

### വയിച്ചു പറയാം.

മുഖം നോക്കി.
നഖം കടിച്ചു.
സുഖമുള്ള കാറ്റ്.
രേഖ കരഞ്ഞു
സഖിയെ കണ്ടു.

### വായനാ സമയം.

കല ഒരു ഗാനം പാടി.
ഗീത രാഖിയെ കണ്ടു.
രേഖ ദു:ഖംകൊണ്ട് കരഞ്ഞു.
സഖിമാർ ഖോലി കളിച്ചു.
കേൾക്കാൻ സുഖമുള്ള ഗാനം.
ലേഖ ഒരു ഗതികെട്ട കുട്ടിയാ.

**കുറുമ്പി**

കണ്ടാൽ കറുമ്പി
തൊട്ടാൽ കുറുമ്പി
കാക്കേടെ കൂട്ടിൽ മുട്ടയിട്ടു.
കുട്ടി പിറന്നതു
കാണുവാൻ കാക്കാതെ
കുയിലമ്മ പെണ്ണു പറന്നു പോയി.
കൺമണിയായ് കണ്ടൊരു
കാക്കയെ വിട്ടേച്ച്
കുയിലിന്റെ കുഞ്ഞും പറന്നു
പോയി

## പ്രവർത്തന പത്രം.20

**വായന വായന**

| | |
|---|---|
| കട | കൊടി |
| കക്ക് | കൊക്ക് |
| കരി | കോരി |
| കച്ചി | കോച്ചി |
| കട്ടി | കൊട്ടി |
| കപ്പി | കോപ്പി |
| കല | കൊല |
| കത്തി | കൊത്തി. |
| കടി | കോടി |
| കൊച്ചി | കോച്ചി |

**വാക്കുകൾ ക്രമമാക്കി വാചകം നിർമ്മിക്കാം,വായിക്കാം.**

കയറി / കുട്ടി / കുത്തനെ ..........................................................

ഇരുന്ന് /കടൽ / കരയിൽ/ കണ്ടു ..........................................................

കൊത്തി / ചക്ക /കാക്ക ..........................................................

തല / നോക്കി / പൊക്കി / കൊക്ക് ..........................................................

കൊണ്ട് /കത്തി / കുത്തി ..........................................................

**യോജിച്ചവ തമ്മിൽ ചേർത്ത് വായിക്കുക.**

| | | |
|---|---|---|
| മുഖത്ത് | സുഖങ്ങളും | |
| ഗീത | മുഖം നോക്കി | |
| ഗതി | വിഗതികൾ | |
| സകല | ഖനിയിൽ പോയി | |
| വൈഗ | കറുത്ത രേഖകൾ | |

# കുട്ടിവായന.21

***പ്രവർത്തന പത്രം.21***

**വായിക്കാം**

മൂന്നു മണി **നേ**രം.

കാണികൾ **നി**രന്നിരുന്നു.

കണി കാണും നേരം .

**നി**ത്യ **നി**ത്യവും പണിയെടുത്തു.

അണികൾ **നി**രന്നു വന്നു.

**നാ**ണി **നു**ണ പറഞ്ഞു.

നാരായണി നുണയി ആണ്.

**പാട്ട് പാടാം.**

## പനിനീർ

ഞാനന്നു നട്ടോരു പ**നിനീ**ർ ചെടിയിൽ

**നി**റമെഴും പൂക്കൾ മണം പരത്തി.

മണമേറ്റു വന്നോരു വണ്ടിണകളവയിലെ

തേ**ൻ നു**കർന്നാനന്ദ **ന**ട**ന**മാടി.

**വായനാ സമയം.**

**നാ**ളം

**നനു നനു**ത്ത കാറ്റ് വന്നു.

കാറ്റ് മൺവിളക്കി**നെ** സ്പർശ്ശിച്ചു.

മൺവിളക്കിലെ **നാ**ളം കെടറായി.

അ**നു** അണയാ**നാ**യ **നാ**ളം **നോ**ക്കി **നി**ന്നു.

കാറ്റിൽ പ**നിനീ**ർ പൂവിന്റെ മണം പരന്നു.

**ന**ല്ല പൂ \മണം.

അ**നു** പൂവിന്റെ **ന**റുമണവും ആസ്വദിച്ച് **നി**ന്നു.

## പ്രവർത്തന പത്രം.22

### ചേർത്ത് പറയുക, എഴുതുക.

| | | |
|---|---|---|
| കാനനം | അനിയത്തിയും | |
| അന്യനായ | നിറം | |
| നേരും | ദിനങ്ങൾ | |
| നീല | മനുഷ്യൻ | |
| അനിയനും | മനോഹരം. | |
| നല്ല | നുണയും | |

### ശരിയായ പദം എടുത്തെഴുതുക , വായിക്കുക.

മാനനം / മനനം ..................................

മനസം / മാനസം ..................................

കാനനം / കനനം ..................................

നനനനുത്ത / നനുനനുത്ത ..................................

പനിച്ചു / പനച്ചു ..................................

കുനിഞ്ഞു കുനഞ്ഞു ..................................

അനിതി / അനതി / അനീതി ..................................

### പാടാം പാടാം .

**കാനനം**

കാനനം സുന്ദരം
കനി തരും പൂവനം
നീർ തരും നദികളും
പനിനീർ ചോലയും
ആനന്ദ നടനമാടും
പ്രകൃതിതൻ പൂങ്കാവനം.

***പ്രവർത്തന പത്രം.23***

**വായന സമയം**

കായൽ

വലിയ ഒരു കായൽ.

കായലിൽ നിറയെ പായൽ.

കായലിനോട് ചേർന്ന് ഒരു വയൽ.

വയലിന്റെ കരയിൽ ഒരു അയണി.

അയണി മരത്തിൽ ഒരു കുയിൽ.

കുയിൽ പാടുകയാണ്.

**വായിച്ച് രസിക്കാം.**

മുയലും മയിലും.

മയങ്ങിപ്പോയി.

പ്രയാസമായി

സമയമായി

അയഞ്ഞുപോയി.

പ്രായമായി

കായൽക്കരയിൽ

വെയിലും മഴയും.

വയസ്സായി

നിയമമായി

ഭയന്നുപോയി

ചായയും കടിയും.

വെയിലായി

ചായയും കടിയും.

**ചേരുന്നവ ചേർക്കുക. ചേർത്തവ വായിക്കുക.**

| | |
|---|---|
| പഴയ | ചുഴി |
| പുഴയിൽ | കുളക്കോഴി |
| വഴിയിൽ | കഴിഞ്ഞു. |
| പൂഴി | മുയൽ |
| മഴ | വരയാൽ |
| കായലിൽ | തീയൽ. |

# കുട്ടിവായന.24

## *പ്രവർത്തന പത്രം.24*

### വായന.വായന

പാഴായി

വഴിയോരം

മഴയായി

ആഴിയിൽ

വഴിയിൽ

### വായിക്കാം പറയാം

കായലിൽ ഒരു കുളക്കോഴി.

പഴയ പായസം.

കഴിഞ്ഞു പോയി.

വയലു കൊയ്തു.

കൊഴിഞ്ഞു പോയി.

പതിനേഴ് വയസ്സായി.

### പാടാം,പാടാം

#### തേൻമൊഴി

വയല് കൊയ്യുവാൻ വന്നതാരാ

അയലത്തെ വീട്ടിലെ തേൻമൊഴിയാ.

മിഴിയിൽ കരിമഴി പൂശിയോളാ

മൊഴിയിൽ വായാടി ആയവളാ.

കായാമ്പൂ നിറമുള്ള മേനിയാണേ

വയസ്സു പതിനേഴ് ആയവളാ

വയലു കൊയ്യുവാൻ വന്നവളാ.

# കുട്ടിവായന.25

## *പ്രവർത്തന പത്രം.25*

### ആസ്വദിച്ച് വായിക്കാം.

**മഞ്ഞപ്പൂക്കൾ**

മഞ്ഞു പെയ്യും നേരത്തു ഞാൻ
തൂമഞ്ഞു കണ്ട് രസിക്കുവാനായ്
മഞ്ഞ മന്ദാര ചോട്ടിലേറി
മഞ്ഞപ്പൂക്കൾ നുകർന്ന് നിൽക്കെ
മഞ്ഞപ്പാവാട ചുറ്റിയെൻ
അരികിൽ
കുഞ്ഞനുജത്തി വന്നണഞ്ഞു.
വെട്ടി തിളങ്ങും മഞ്ഞിൻ
കണങ്ങൾ
ഞങ്ങൾ എടുത്തു കളിച്ചു
നിൽക്കേ
അമ്മ മൊഴിഞ്ഞു കുഞ്ഞേ
കയറുക
കുഞ്ഞനുജത്തിക്ക് മഞ്ഞു
കൊള്ളാതെ.

മഞ്ഞ്

മഞ്ഞ് പൊഴിഞ്ഞു.

മഞ്ഞ് ഉറഞ്ഞു നിന്നു.

വെയിലത്ത് മഞ്ഞ് അലിഞ്ഞ് പോയി.

മഞ്ഞ് അലിഞ്ഞലിഞ്ഞ് പോയി.

### വായിക്കാം പറയാം

വിജയ വിജയിച്ചു.

രാജി രാജി വച്ചു

ജയ ജാതി ചോദിച്ചു.

ജനം ജനഗണ പാടി.

വിജയൻ ജാതിക്ക തിന്നു.

### ചേർത്ത് പറയുക, എഴുതുക.

| | |
|---|---|
| ഞാൻ | ജയിച്ചു |
| ഞയറാഴ്ചയാണ് | ജനിച്ചത് |
| ഞങ്ങൾ | ജാഥ നയിച്ചു. |
| ഞരിഞ്ഞ് | അമർന്നു. |
| ഞട്ടി | പൊട്ടി |

### വായന.വായന

ഞെട്ടി വിറച്ചു.

ഞെരിപിരി കൊണ്ടു.

ഞരമ്പ് മുറിഞ്ഞു.

ഞണ്ട് മറിഞ്ഞു.

ഞൊണ്ടി നടന്നു.

## *പ്രവർത്തന പത്രം.26*

### പൂരിപ്പിച്ച് എഴുതുക.

( മഞ്ഞ,കരഞ്ഞ്, മഞ്ഞ്,അറിഞ്ഞു ,പറഞ്ഞു.)

1. അറിഞ്ഞ കാര്യം ...............................................
2. കുഞ്ഞ് ............................................... പറഞ്ഞു.
3. ഞാനും നീയും ...................................................
4. ഇന്ന് ............................................... പൊഴിഞ്ഞു.
5. ............................................. ഉടുപ്പ് അണിഞ്ഞു.

### ആസ്വദിച്ച് വായിക്കാം.

മ**ഞ്ഞ്** അലി**ഞ്ഞ്** **ജ**ലമായി.

കു**ഞ്ഞ്** പറ**ഞ്ഞ**ത് ന്യായം.

**ഞാ**ൻ **ജാ**ലകം തുറന്നു.

**ജ**നം നിറ**ഞ്ഞു** കവി**ഞ്ഞു**.

പറ**ഞ്ഞു** പറ**ഞ്ഞ്**.

**ജ**ഗതിയിലാണ് **ഞാ**ൻ **ജ**നിച്ചത്.

**ജാ**ഥകം കള**ഞ്ഞു** പോയി.

### പാടാം,പാടാം

മ**ഞ്ഞ** ചിറക് വിരിച്ചൊരു പക്ഷി

ആ**ഞ്ഞി**ലി മരത്തിൽ ഇരിക്കുന്നു.

മ**ഞ്ഞു** പൊഴി**ഞ്ഞ** ചില്ലയിൽ ഇരുന്നവൾ

ഊ**ഞ്ഞാ**ലാടി രസിക്കുന്നു.

### വായിക്കുക.

**ജ**യക്ക് **ജോ**ലി ലഭിച്ചു.

**ജ**യ **ജ**നിച്ചത് **ജൂ**ലൈ മാസമാണ്

**ജ**യയുടെ അച്ഛൻ വി**ജ**യൻ

**ജ**പ്പാനിൽ **ജോ**ലി ചെയ്യുന്നു.

വി**ജ**യൻ ഒരു **ജൂ**തൻ ആണ്.

## പ്രവർത്തന പത്രം.27

### ആസ്വദിച്ച് വായിക്കാം.

ദയ

ദിയ നല്ല കുട്ടിയാണ്.

ദിയ നല്ല ദയയുള്ള കുട്ടിയാണ്.

ദിയ ദാനശീലം ഉള്ളവളാണ്.

ധനികനായ ദാസനാണ് അവളുടെ അച്ഛൻ.

അങ്ങ് ദൂരെ കേദാറിലാണ് അവരുടെ വീട്.

ആദ്യമൊക്കെ ദാരിദ്ര്യത്തിലാണ് അവർ കഴിഞ്ഞത്.

അച്ഛൻ അധ്വാനിച്ച് പണമുണ്ടാക്കി.

ധനികനാണ്  ദാസനിപ്പോൾ.

ദാസനും ദാനശീലനാണ്.

### പാടാം,പാടാം

#### ദാനം

ദാനവാരാകുക നമ്മൾ
ദുര കളഞ്ഞീടുക നമ്മൾ
ധൂർത്തരായീടാതെ നമ്മൾ
ആചരിച്ചീടേണം ധർമ്മം.
ദരിദ്ര ജനങ്ങളെ കാക്കാൻ
ദാനം ചെയ്യണേ ധനവും .
ദൈവത്തെ അറിഞ്ഞെന്നും നമ്മൾ
ധർമിഷ്ഠരായി വാഴേണം.
ദർശനം കാത്തു വാഴേണം.

### ശരിയായ പദം എടുത്തെഴുതുക,വായിക്കുക.

| | | |
|---|---|---|
| ദാസ്യം | ധാസ്യം | ............................... |
| ദനം | ധനം | ............................... |
| ദുര | ദുര | ............................... |
| ധൂരം | ദൂരം | ............................... |
| ദത്ത് | ധത്ത് | ............................... |

## പ്രവർത്തന പത്രം.28

### ശരിയായ ചിഹ്നം ചേർത്തെഴുതുക,വായിക്കുക.

| | | | |
|---|---|---|---|
| ദക്ക് | ..................... | ദരിദൻ | ..................... |
| ദനം | ..................... | ധഷണം | ..................... |
| ധർത്ത് | ..................... | ആദത്യൻ | ..................... |
| വിധ | ..................... | ദനിയാവ് | ..................... |
| വാദ്യ | ..................... | ധർത്ത് | ..................... |
| വിദരം | ..................... | സുദനം | ..................... |

### ശരിയായ പദം ചേർത്ത് വാചകം വായിക്കുക.

( മധുരം, അതിഥികൾ, കഥ, ധനം, രഥം , ദുരിതത്തിൽ,കഥ)

1 ,വീഥിയിൽ ഒരു ..................................................

2. കവിത ............................................... വായിച്ചു.

3. നല്ല ........................................... ഉള്ള നാരങ്ങ.

4. അവന്റെ ജീവിതം ................................ ആണ്.

5.ദാമുവിന്റെ .......................... എല്ലാം നഷ്ടമായി.

6. വീട്ടിലേക്ക് ..................................വന്നു തുടങ്ങി.

7. കാഥികൻ ..........................................പറഞ്ഞു.

### പാടാം പറയാം.

## ധരണി

കഥ പറഞ്ഞമ്മ ഉറക്കി.

ധരണി പിറന്നൊരു കഥ.

ധീരരാം ദാനവർ വാണു.

ദൈത്യരും ധരണി ഭരിച്ചു.

ദേവരും ധരണി ഭരിച്ചു.

## പ്രവർത്തന പത്രം.29

### വായാനാ ലോകം.

മേഘം

കറുത്ത മേഘം.

കറുത്ത മേഘം,കാർമേഘം.

മഴ തരുന്ന മേഘം.

മഴ തരുന്ന മേഘം മഴമേഘം.

മഴ ആഘോഷത്തോടെ വന്നു.

### വായനാ ലഹരി.

ഭാരതം

ഭാരതം എന്റെ രാജ്യം.

ഭരതൻ ഭരിച്ച ഭാരതം.

ഭാസുര വിസ്മയ ലോകം.

ഭംഗിതൻ ഭൂലോക സ്വർഗ്ഗം.

### വായനാ സമയം. ശരിയേത് ?

| | |
|---|---|
| ഭരണി / ഭാരണി | |
| ഭാരതം / ഭരതം | |
| ഭഷ / ഭാഷ | |
| ഭൃത്യൻ / ഭ്ര്ത്യൻ | |
| അഭ്രം / അഭ്റം | |
| ഭൃമരം/ ഭ്രമരം | |
| ഭ്രാന്ത്/ബ്രന്ത് | |

# കുട്ടിവായന.30

## *പ്രവർത്തന പത്രം.30*

**ശരിയായ പദം ചേർത്ത് എഴുതുക.**

1. ഒരു ................ എന്നെ ശല്യം ചെയ്തു. (ഘൃഗം,ഭൃംഗം )

2. ബാലു ......................... വീർപ്പിച്ചു. (ഭലൂൺ / ബലൂൺ)

3. പരീക്ഷയുടെ ............................ വന്നു (ബലം / ഫലം )

4. നല്ല ....................................  ഉള്ള കല്ല് (ഭാരം / ബാരം)

5. കുറച്ച് പൈസ .................... വന്നു. (ഭാക്കി / ബാക്കി )

**വായനാ സമയം**

**ബാ**ലൻ

**ഫ**ലിത പ്രിയനായ **ബാ**ലൻ.

**ബാ**ലന് ഒരു തൊടിയുണ്ട്.

തൊടിയിൽ **ഫ**ലം തരുന്ന മരങ്ങൾ.

**ഫ**ലങ്ങൾ നിറഞ്ഞ മരങ്ങൾ.

**ശരിയായ പദം ഏത് ?എടുത്തെഴുതുക.**

**ബ**ലം / **ഫ**ലം

**ബാ**ക്കി/ **ഫാ**ക്കി

**ബു**ക്ക് / **ഫു**ക്ക്

**ഭി**ത്തി / **ബി**ത്തി

**ബാ**ല്യം / **ഫാ**ല്യം

**ശരിയായ പദം ചേർത്ത് എഴുതുക.**

(ബാല്യത്തിലെ , ബലം, ഭ്രാന്തൻ, ഫലം, ഭരണിയിൽ, ഫലം,

പരീക്ഷയുടെ ..........................................................വന്നു.

മീനിനെ .................................................................ആക്കി.

മരുന്ന് കഴിച്ചിട്ടും ....................................................... ഇല്ല.

..............................................................ഇല്ലാത്ത കുട്ടി.

................................     ....................................ചിന്തകൾ.

## പ്രവർത്തന പത്രം.31

### വായിക്കാം

| | |
|---|---|
| ഹസ്തം | സഹിച്ചു |
| മഹിതം | സഹ്യൻ |
| മോഹനം | വാഹനം |
| ഹീനം | കാഹളം |
| വഹിച്ചു. | കോലാഹലം |

ഹിമം നിറഞ്ഞ ഹിമാലയം.
മനോഹരമായ ഹിമാലയം.
ഹരിതാഭമായ സഹ്യപർവ്വതം.
സ്നേഹം നിറഞ്ഞ ഹൃദയം

### പൂരിപ്പിക്കുക.

( അഹിതം, വിഹിതം. മഹാനായ,മോഹിച്ച്, മനോഹരം)

1. .................................................................... ആയ ഉടുപ്പ്.
2.അവൻ ...................................................... പരവശനായി.
3. ........................... ഗാന്ധിജിയാണ് നമ്മുടെ രാഷ്ട്ര പിതാവ്.
4. .................................................. ആയതൊന്നു ചെയ്യരുത്.
5. എന്റെ ................. .................................. എനിക്ക് വേണം.

### വായനാ സമയം.

ഹാസ്യം

ഹംസ ഒരു ഹാസ്യ നടൻ ആണ്.

ഹംസ നല്ല ഹരത്തിലാണ് ഹാസ്യം പറയുന്നത്.

ഹരപുരത്താണ് ഹംസയുടെ വീട് .

ഹംസ ഒരിക്കൽ ഹജ്ജിന് പോയി.

ഹംസ അങ്ങനെ ഹംസ ഹാജിയായി.

ഹംസയുടെ മകളാണ് ഹാസ്യ.

ഹാസ്യ ബഹുമിടുക്കി ആണ്.

### ശരിയായ പദം ഏത് ? എടുത്തെഴുതുക, വായിക്കുക.

| | | | |
|---|---|---|---|
| ഹൃത്ത്/ ഹ്രത്ത്. | .......................... | ഹിമം/ഹമം | .......................... |
| ഹംസം /ഹാംസം | .......................... | അസഹ്യ/ അസഹ്യം | .......................... |
| ഹര്യം/ ഹാര്യം | .......................... | മഹൻ/ മഹാൻ | .......................... |
| സഹൊദരൻ/ സഹോദരൻ | .......................... | ഹെമന്തം/ ഹേമന്തം. | .......................... |
| മഹിമ/മഹമ | .......................... | ഹൊമം/ ഹോമം | .......................... |

# കുട്ടിവായന.32

## പ്രവർത്തന പത്രം.32

### നല്ല വായന

കേശു
വാസുവിന്റെ അനിയനാണ് കേശു.
കേശുവിന്റെ അനിയത്തി ശാന്തയും.
കേശു നല്ല ശക്തൻ ആയിരുന്നു.
കൊമ്പൻ മീശ വച്ചാ നടപ്പ്.
എന്നാൽ എപ്പോഴും ശാന്ത ഭാവവും.
കേശുവിന് ഒരു പശുവുണ്ട്.
സിമന്റ് പൂശാത്ത വീട്ടിലാണ് കേശു താമസിക്കുന്നത്.
കേശു സത്യം മാത്രമേ പറയൂ.
അയാളെ സത്യവാൻ കേശു എന്നാണ്  വിളിക്കുന്നത്

### ശരിയായ വാക്ക് പുരിപ്പിച്ച് വായിക്കുക.

(അസഹ്യം., സത്യം , അസാധു, സദ്യ ,സാധു )

1. തൂശൻ ഇലയിൽ ........................................... വിളമ്പി.
2. സത്യൻ ഒരു ................................ ആയ മനുഷ്യനാണ്.
3. അവൻ ......................................................... പറഞ്ഞു.
4. മുറിവിന്റെ വേദന ........................................... ആയി .
5. പത്ത് വോട്ട് ...................................................... ആയി.

### ശരിയായ പദം ഏത് ? എടുത്തെഴുതുക, വായിക്കുക.

ഹ്യസ്വം/ ഹ്രസ്വം ..................................
ഹംസം/ ഹാംസം ..................................
ഹസ്യം/ ഹാസ്യം ..................................
സഹൊാദരൻ/ സഹോദരൻ ..................................
അസഹ്യ/ അസഹ്യം ..................................
ഹെമന്തം/ ഹേമന്തം ..................................
രഹസ്വം / രഹസ്യം .................................
പരസ്യം / പരയ്സ്യം .................................
ലാസ്യം / ലാസ്വം ..................................

### വയനാലോകം.

സാധാര മനുഷ്യർ.
സഹായം ചെയ്യും.
സ്നേഹം പകരും.
സ്നേഹിതർ ആകും.
സാധാരണ മനുഷ്യർ സ്നേഹിക്കും, സഹായിക്കും.

# കുട്ടിവായന.33

***പ്രവർത്തന പത്രം.33***

**നല്ല വായന**

വേഷം

ഋഷി നല്ല വേഷം ധരിച്ചാണ് വന്നത്.

കാവി വേഷമായിരുന്നു അത്.

വിഷാദം നിഴലിക്കുന്ന മുഖം.

ചില സമയത്ത് കഷായം കുടിച്ച പോലുണ്ട്.

ഋഷിയുടെ കൂടെ ഒരു ഋഷഭവും ഉണ്ടായിരുന്നു.

**ശരിയായ വാക്ക് പുരിപ്പിച്ച് വായിക്കുക.**

(വിഷയം, വേഷം, മഷി, കഷായം, വിഷം )

1. തൃഷ ............................................ കുടിച്ച് മരിച്ചു.
2. മാഷ് .......................................................കുടിച്ചു.
3. ആശയാണ് ................................അവതരിപ്പിച്ചത്.
4. കയ്യിൽ ................................................. പുരണ്ടു.
5. അവൾ നല്ല ..............................ധരിച്ചാണ് വന്നത്.

**ശരിയായവ ചേർത്ത് വായിക്കുക.**

| | |
|---|---|
| ഔഷധം | കൃഷി ഇറക്കി |
| ഋഷി | നഷ്ടം |

**പാട്ടു മേളം.**

**കർഷകർ**

കർഷകർ ആകുക നമ്മൾ
കൃഷി ചെയ്തീടുക നമ്മൾ
പഷ്ണി മാറ്റുവാൻ നമ്മൾ
കൃഷി ചെയ്തീടുക എന്നും.

*__പ്രവർത്തന പത്രം.34__*

**ശരിയായ പദം ചേർത്ത് പൂരിപ്പിക്കുക.**

1. ബാങ്കിൽ നിന്നും .................................... കിട്ടി. ( കാഷ്, കാശ്)
2. കറിയിൽ ............................ പോലും ഉപ്പില്ല. ( ലേശം, ലേസം )
3. കാശ്മീരിൽ നല്ല .................... ആണ് . (സൈന്യം / ശൈത്യം.)

**ശരിയായ പദം ചേർത്ത് പൂരിപ്പിക്കുക.**

(ദോശ,മീശ, സൈന്യം,വാശി, വിശറി,പശ )

1.ബുക്കിലെ ........................... ഉണങ്ങി.

2. ഈനാശു ................... കൊണ്ട് വീശി.

4. ശ്രീശ ....................... പിടിച്ച് കരഞ്ഞു.

6. ആശ..................................... കഴിച്ചു.

7. കേശവൻ ............................. പിരിച്ചു..

7. ..............................തെരുവിൽ ഇറങ്ങി.

**ശരിയായ പദത്തിന് മുകളിൽ ശരിയിടുക.**

1. മേസ മേശ
2. ഉഷസ്സ് ഉഴസ്സ്
3. ശനി സനി
4. കൃഷി കൃസി
5. മാഷം മാസം
6. ശരി സരി

__വായന__

| | |
|---|---|
| ഔഷധം | പോഷകം |
| സസ്യം | ശാസ്ത്രം |
| ശോഷണം | ഭൂഷണം |
| വാശി | കീശ |
| സ്വയം | അശ്വം |

## *പ്രവർത്തന പത്രം.35*

### നല്ല വായന

**ആ**കാശം
**അ**നു **ആ**കാശം നോക്കി.
**ആ**കാശത്ത് **അ**ർക്കൻ.
**അ**ർക്കൻ ഉദിച്ചു വന്നു.
**ആ**ദിത്യൻ സ്വർണ കിരണങ്ങൾ ഉതിർത്തു.
**അ**ത് കണ്ടപ്പോൾ **അ**നുവിന് **അ**ത്യധികം സന്തോഷമായി.
**അ**വൾ **അ**നുജത്തി **ആ**ദ്യയെ വിളിച്ചു.
**ആ**ദ്യയും **ആ**കാശം കണ്ടു.

### വായനാ സമയം.

**അ**ട
**അ**മ്മ **അ**രി പൊടിച്ചു.
**അ**രിപ്പൊടി കൊണ്ട് **അട**യും ചുട്ടു
**അ**നിയൻ **അ**ടക്കൊതിയൻ **ആ**ണ്.
**അ**വൻ **അ**ടകളെല്ലാം വെട്ടി വിഴുങ്ങി.

**അ**രിപ്പൊടി കൊണ്ട് **അ**പ്പം ചുട്ടു.
**അ**ന്ന് വിരുന്നുകാർ വന്നു.
**അ**വർ **അ**ടകളെല്ലാം തിന്ന് തീർത്തു.
**അ**ച്ഛൻ **അ**പ്പം തിന്നാൻ വന്നു.
**അ**ച്ഛൻ **അ**ന്ന് രാത്രി പട്ടിണിയായി.

### പാട്ടിന്റെ നേരം .

**ആമോദം**

**ആ**ടിപ്പാടി നടക്കും മേഘം
**ആ**കാശ തെരുവീഥികളിൽ .
**അ**തുവഴി വന്നൊരു മഴവില്ല്
**ആ**നന്ദത്തിൻ കുളിരേകി.
**അ**ർക്കൻ പോയി മറഞ്ഞപ്പോൾ
**അ**ന്തി വിരിഞ്ഞു മാനത്ത്.
**അ**വിടെ ഇരുന്ന് ചിരി തൂകുന്നു
**ആ**മോദത്താൽ താരകളും .
**അ**ന്നേരത്ത് **അ**മ്പിളി വന്നു
**ആ**ടിപ്പാടി നിലാവത്ത്.

# കുട്ടിവായന.36

## *പ്രവർത്തന പത്രം.36*

**ശരിയായ പദം ഏത് ?**

അട് / ആട് ...........................

ആൽ / അൽ ...........................

അന / ആന ...........................

അറി / ആറി ...........................

അമ / ആമ ...........................

ആവി / അവി ...........................

**ശരിയായ പദം ഏത് ? എഴുതി വായിക്കുക.**

അത്തി / ആത്തി ........................... ആകം / അകം ...........................

അണ / ആണ ........................... അര / ആര ...........................

**വായനാച്ചന്തം**

| | | | |
|---|---|---|---|
| അണി | ആണി | അടി | ആടി |
| അല | ആല | അശ | ആശ |
| അവശ്യം | ആവശ്യം | അക്കം | ആക്കം |
| അട്ട | ആട്ട | അട്ടി | ആട്ടി |

**പൂരിപ്പിച്ച് വായിക്കുക.**

( ആഗ്രഹം , അത്യാവശ്യം , അളന്ന്, ആഞ്ഞ്, അഞ്ഞൂറ്

1.അനിയത്തി ................................................ നടന്നു.

2. ........................................... രൂപയ്ക്ക് മീൻ വാങ്ങി.

3. ഇന്ന് ............................ ആയി ഒരിടത്ത് പോകണം.

4. എന്റെ ...................................................... നടന്നില്ല.

5.അതൊന്ന് .................................................... പറയൂ.

**പാടാം പറയാം.**

അലകൾ ഇളക്കി വരുന്നുണ്ട്
ആരവമോടെ വരുന്നുണ്ട്
ആഴിയിൽ തിരകൾ അലകൾ ഇളക്കി
ആരവമോടെ വരുന്നുണ്ട്.

**പാട്ടിന്റെ നേരം .**

**ആടാം പാടാം**

ആടിപ്പാടി വരുന്നുണ്ടേ
ആരവമോടെ വരുന്നുണ്ടേ
ആനയൊരെണ്ണം വരുന്നുണ്ടേ
ആടി ആടി വരുന്നുണ്ടേ.

# കുട്ടിവായന.37

*പ്രവർത്തന പത്രം.37*

**വായനാ സമയം.**

**വണ്ട്**

വണ്ടുകൾ ഉണ്ടേ രണ്ടെണ്ണം
ഉരുണ്ടു കറുത്തവർ രണ്ടെണ്ണം.
പൂച്ചെണ്ടിൽ ഇരുന്നവർ ഉണ്ടല്ലോ.
തേനുണ്ട് തിമർത്തതു കണ്ടോളൂ.

**വണ്ടി**

വണ്ടി വലിച്ചു വരുന്നുണ്ടേ
ഉണ്ടക്കണ്ണൻ ചിരുകണ്ടൻ
ഞൊണ്ടി വലിഞ്ഞു വരുന്നുണ്ടേ
പാണ്ടു പിടിച്ചൊരു ചിരുകണ്ടൻ.

**മണ്ടൻ**

പൂവിലൊരു വണ്ട്.
തണ്ടിലുണ്ടൊരു വണ്ട്.
കറുത്തിരുണ്ട വണ്ട്.
തേൻ നുകരും വണ്ട്
ഇരുണ്ടുരുണ്ട വണ്ട്.
മണ്ടനായ വണ്ട്.

**പൂരിപ്പിക്കുക.**

1. പാണ്ടൻ പൂച്ച വരുന്നത് ......................... ( കണ്ടല്ല / കണ്ടില്ല)
2. അവൻ എന്നോട് .................................. (മിണ്ടില്ല / മുണ്ടില്ല )
3. വാഴയുടെ ........................... തോരൻ വച്ചു (പണ്ടി / പിണ്ടി )
4. കണ്ടാൽ അറിയുന്നവർ ............... ( രണ്ടണ്ണം / രണ്ടെണ്ണം )
5. ................. പറഞ്ഞത് പോലെ ( പണ്ടാരാണ്ട് / പണ്ടരാണ്ട് )

**തീവണ്ടി**

അയ്യോ വണ്ടി തീവണ്ടി
ഉറുമ്പിൻ വണ്ടി തീവണ്ടി
ചുണ്ടിൽ കുറിയരി
പൊടിയരി വച്ച്
മന്ദം മന്ദം വരണുണ്ട്.
വണ്ടിയിലൊന്നു കയറാനായ്
വണ്ടിക്കിടയിൽ കൈ വച്ചു
വണ്ടി  മറിഞ്ഞു പല വിധമായ്.
ഉരുണ്ടു പിരണ്ടതാ പോകുന്നു

# കുട്ടിവായന.38

***പ്രവർത്തന പത്രം.38***

**വായനാ സമയം.**

**പാണ്ടിവണ്ടി**

**വണ്ടി**

ഒരു വ**ണ്ടി** വാങ്ങി.

പാ**ണ്ടി** ഒരു വ**ണ്ടി** വാങ്ങി.

പ**ണ്ടാ** വാങ്ങിയത്.

പ**ണ്ടുപണ്ടാ** വാങ്ങിയത്.

ആദ്യം ഒരു കാളവ**ണ്ടി**.

പിന്നെ ഒരു കുതിര വ**ണ്ടി**.

**ശരിയായ പദം എടുത്തെഴുതൂ, വായിക്കൂ.**

| | |
|---|---|
| വ**ണ്ട**/ വ**ണ്ട്** | ............................ |
| ഞ**ണ്ട്** / ഞ**ണ്ട** | ............................ |
| ച**ണ്ട** / ച**ണ്ടി** | ............................ |
| ത**ണ്ട** / ത**ണ്ട്** | ............................ |
| മി**ണ്ടി** / മി**ണ്ട** | ............................ |

**ശരിയായ വാക്ക് കണ്ടെത്തി പൂരിപ്പിക്കുക.**

(മ**ണ്ടി** ,മി**ണ്ടാ**ൻ,കൊ**ണ്ട്**, തൊ**ണ്ട**യിൽ,മൂവാ**ണ്ട**ൻ)

1. ..............................മാവിൽ നിറയെ മാങ്ങ.
2.വടി .................................................... തല്ലി.
3. പഴം ...........................................കുരുങ്ങി.
4.കള്ളൻ .......................... ................ഒളിച്ചു.
5. അവന് ............................. പറ്റാതെ ആയി.

**ചെണ്ട**

ചെ**ണ്ട** കൊട്ടി .

ചാ**ണ്ടി** കൊട്ടി.

ചാ**ണ്ടി** ചെ**ണ്ട** കൊട്ടി.

കമ്പ് കൊ**ണ്ട്** കൊട്ടി

ചാ**ണ്ടി** ചെ**ണ്ട** കമ്പ് കൊ**ണ്ട്** കൊട്ടി

# കുട്ടിവായന.39

***പ്രവർത്തന പത്രം.39***

**വായനാ സമയം.**

**ഉണ്ണി**

**ഉണ്ണി** ഇരുന്നു.

ഉ**ണ്ണാ**ൻ ഇരുന്നു.

**ഉണ്ണി** ഉ**ണ്ണാ**ൻ ഇരുന്നു.

തി**ണ്ണ**യിൽ ഇരുന്നു.

**ഉണ്ണി** തി**ണ്ണ**യിൽ ഇരുന്നു.

**ഉണ്ണി** തി**ണ്ണ**യിൽ ഉ**ണ്ണാ**ൻ ഇരുന്നു

**കണ്ണ്**

എനിക്ക് രണ്ട് ക**ണ്ണ്**.

ഞണ്ടിന് രണ്ട് ക**ണ്ണ്**.

വണ്ടിനും രണ്ട് ക**ണ്ണ്**.

തേങ്ങയ്ക്ക് മാത്രം മൂന്ന് ക**ണ്ണ്** .

**കണ്ണിമാങ്ങ**

ക**ണ്ണി**മാങ്ങ വീണു.

കുഞ്ഞാറ്റ എ**ണ്ണി** നോക്കി.

ഒരെ**ണ്ണം**, രണ്ടെ**ണ്ണം** , മൂന്നെ**ണ്ണം**.

ഇനി ഇച്ച് എ**ണ്ണാ**നറീല.

കുഞ്ഞാറ്റ ക**ണ്ണ്** പൊത്തി.

പെ**ണ്ണി**നു നാണായി.

**ശരിയായ പദം ചേർത്ത് പൂരിപ്പിച്ച് വായിക്കാം.**

1. അവൾ ................................................ വാർത്തു. (ക**ണ്ണി**ർ/ ക**ണ്ണീ**ർ )
2. .................................. ഒഴിച്ച് വിളക്ക് കത്തിച്ചു. (മ**ണ്ണെണ്ണ** / മ**ണ്ണണ്ണ** )
3. ദാമു ..................................... നോക്കി. (ക**ണ്ണ**ടിയിൽ / ക**ണ്ണാ**ടിയിൽ )
4. ................................................ എത്ര സുന്ദരം. (വി**ണ്ണ** / വീ**ണ്ണ്** / വി**ണ്ണ്** )
5. അടുപ്പിൽ നിറയെ ........................ (വെ**ണ്ണീ**ർ / വ**ണ്ണീ**ർ / വെ**ണ്ണി**ർ )

# കുട്ടിവായന.40

***പ്രവർത്തന പത്രം.40***

**വായനാ സമയം.**

## മണ്ണ്

മണ്ണിലമരണം കാൽകൾ
വിണ്ണിലുയരണം കൺകൾ
പെണ്ണിനെ കാക്കണം നമ്മൾ
അകക്കണ്ണു തുറക്കണം നമ്മൾ.
മണ്ണിനും വിണ്ണിനും പെണ്ണിനും
കാവലാളാകണം നമ്മൾ.

**ശരിയായ പദം എടുത്തെഴുതൂ, വായിക്കൂ.**

| | |
|---|---|
| പിണ്ണ് / പെണ്ണ് | .......................... |
| വിണ്ണ് / വിണ്ണ | .......................... |
| അണാൻ / അണ്ണാൻ | .......................... |
| മണ്ണായി / മണ്ണയി | .......................... |
| വിണ്ണൽ / വിണ്ണിൽ | .......................... |
| തണ്ണമത്തൻ / തണ്ണിമത്തൻ | .......................... |

## വിണ്ണ്

വിണ്ണിലെ താരകം പോൽ
മണ്ണിൽ വിളങ്ങണം നാം.
കണ്ണിനു കണ്ണായ് അമ്മേടെ കൂടെ
വെൺ നിലാവാകണം നാം.

**വായനാ ലോകം .**

| | | |
|---|---|---|
| വെൺമ | ഉൺമ | കൺമഷി |
| കൺമണി | വെൺമണി | കൺപീലി |
| ചാൺ | ആൺ | കൺപോള |
| പെൺ | വിൺ | |

## *പ്രവർത്തന പത്രം.41*

### വായനാ സമയം.

**വഞ്ചി**

അഞ്ച് വഞ്ചികൾ.

അഞ്ചിലും സഞ്ചികൾ.

ഒന്നിൽ ഇഞ്ചി.

അടുത്തതിൽ മഞ്ചാടി.

മറ്റൊന്നിൽ പഞ്ചാര.

പിന്നൊന്നിൽ ഓറഞ്ച്.

അഞ്ചാമതിൽ കൊഞ്ച്.

**പഞ്ചവർണ്ണക്കിളികൾ**

കുഞ്ചുവിനഞ്ചു കുഞ്ഞുങ്ങൾ
അഞ്ചിനും അഞ്ചു സ്വരങ്ങൾ
കുഞ്ചുവിനഞ്ചു കുഞ്ഞുങ്ങൾ
അഞ്ചും പഞ്ചാര കൊതിയർ
കുഞ്ചുവിനഞ്ചു കുഞ്ഞുങ്ങൾ
അഞ്ചും മൊഞ്ചത്തി മക്കൾ
കുഞ്ചുവിനഞ്ചു കുഞ്ഞുങ്ങൾ
അഞ്ചു പഞ്ചവർണ്ണക്കിളികൾ.

### വായിക്കാം.

| | |
|---|---|
| കാഞ്ചി | സഞ്ചാരി |
| കൊഞ്ചി | പഞ്ചാബ് |
| മഞ്ച് | തുഞ്ചത്ത് |
| മൊഞ്ച് | വഞ്ചന |
| നെഞ്ച് | അഞ്ചണ |
| ഇഞ്ച | സഞ്ചി |

**ഇഞ്ചി**

ഇഞ്ചി കടിച്ചൊരു കുഞ്ചു

സഞ്ചിയിലെന്താ കുഞ്ചു ?

സഞ്ചിയിൽ ഇഞ്ചിയാ പഞ്ചമി.

അഞ്ചണയ്ക്ക് വാങ്ങിയ ഇഞ്ചി .

### ശരിയാക്കി എഴുതുക.

വഞ്ച തുഴഞ്ഞു. ..............................................

അഞ്ചറ് നെല്ലിക്ക. ..............................................

മൊഞ്ചള്ള കുട്ടി. ..............................................

തഞ്ചത്ത് ഇരുന്നു. ..............................................

പഞ്ചബിൽ പോയി. ..............................................

നെഞ്ചൽ തറച്ചു. ..............................................

## പ്രവർത്തന പത്രം.41

### വായനാ സമയം.

### ചാന്ത്

ശാന്ത ശാന്തയാണ്.

ശാന്ത ചന്തയിൽ പോയി.

ശാന്ത ചന്തയിൽ ഇരുന്നു.

ശാന്ത ചിന്തിച്ചിരുന്നു.

ശാന്ത ചന്തയിൽ ചിന്തിച്ചിരുന്നു.

ശാന്ത ചാന്ത് വാങ്ങി.

ശാന്ത ചന്തയിൽ പോയി ചാന്ത് വാങ്ങി.

### ശരിയാക്കി എഴുതുക, വായിക്കുക.

| | | | |
|---|---|---|---|
| ചാന്ത | | മന്ത | |
| മുന്തയ | | മോന്തയം | |
| അന്തക്ക് | | ചിന്തച്ച് | |
| മുന്തരി | | സന്തനം | |
| എന്തയി | | എന്തണ് | |

### പൂരിപ്പിച്ച് വായിക്കുക.

1. നന്തു ഒരു ................................................................ വാങ്ങി ( പന്ത് / പാന്ത് )
2. നീ ................................................................ വന്നത്? (എന്തനാ / എന്തിനാ )
3. അന്തിക്ക് .......................... .............. പുകച്ചു. ( കുന്തിരിക്കം / കുന്തരിക്കം)
4. ചിന്ത ചന്തുവിന്റെ ........ ................................. ആണ് ( സന്തനം / സന്താനം)
5. അവൻ ................ ... നടന്നു. ( എന്തയേന്തി / ഏന്തിയേന്ത / ഏന്തിയേന്തി )

### വായിക്കാം

പന്ത്രണ്ട് മക്കൾ.

മന്ത്രി വന്നു.

തന്ത്രി പൂജ ചെയ്തു.

മാന്ത്രിക വടി എടുത്തു.

മന്ത്രവാദിനി ഓടി.

# കുട്ടിവായന.43

## പ്രവർത്തന പത്രം.42

### വായനാ ലോകം.

**ചാമ്പ**

ത**മ്പി** ഒരു ചാ**മ്പ** വച്ചു.

ചാ**മ്പ** വലുതായി.

ചാ**മ്പ** കായ്ച്ചു.

ചാ**മ്പ**യിൽ ചുമന്ന ചാ**മ്പ**യ്ക്ക.

ചാ**മ്പ**യ്ക്കയിൽ ഒരു തു**മ്പി**.

ത**മ്പി** തു**മ്പി**യെ പിടിക്കാൻ നോക്കി.

തു**മ്പി** പറന്നു.

### വായിക്കാം

ആന വായിൽ അ**മ്പ**ഴങ്ങ.

അ**മ്പോ** അവനൊരു വ**മ്പ**ൻ.

തു**മ്പി**ക്കൈ നീണ്ടൊരു കൊ**മ്പ**ൻ.

ക**മ്പ**ത്ത് പോയി ക**മ്പം** വാങ്ങി.

കൊ**മ്പി**ൽ ഇരുന്നവൻ ക**മ്പ്** മുറിച്ചു.

### വായനാ ലോകം.

| | | |
|---|---|---|
| തു**മ്പ** | ക**മ്പി** | കു**മ്പ** |
| പ**മ്പ** | കൂ**മ്പി** | ക**മ്പി**ത്തിരി |
| അ**മ്പ്** | തൂ**മ്പ്** | കു**മ്പ**ളം |
| ക**മ്പ്** | കൂ**മ്പ്** | ക**മ്പോ**ളം |
| കൊ**മ്പ്** | അ**മ്പ**ത് | ത**മ്പ്രാ**ട്ടി |

### പൂരിപ്പിക്കാം

1. ........................................................ കൊണ്ട് കിളച്ചു. (തു**മ്പ** / തൂ**മ്പ** )
2. ............................................................ കൊണ്ട് കെട്ടി. ( ക**മ്പി** / ക**മ്പ**)
3. ........................................................ വീർത്തു വന്നു. ( കു**മ്പി** / കു**മ്പ** )
4. .................................................. കൂട്ടി ചോറുണ്ടു. ( സ**മ്പാ**റ് / സ**മ്പ**റ് )
5. അവൻ സൂക്ഷിച്ചു വച്ച .............. എല്ലാം പായി. (സ**മ്പാ**ദ്യം / സ**മ്പ**ദ്യം )

## പ്രവർത്തന പത്രം.44

### വായനാ ലോകം.

കാർമേഘം

മാനത്ത് കാർമേഘം.
മാനത്ത് വാർമഴവില്ല്.
ആകാശത്ത് അർക്കൻ.
വർണാഭമായ അർക്കൻ.
അർക്കൻ സ്വർണ്ണ വർണ്ണത്തിൽ .

### വായന നല്ലവായന

| | |
|---|---|
| നേർത്ത | വാർന്നു. |
| കൂർത്ത | നേർന്നു |
| ചേർന്നു | ചാർത്തി |
| തോർന്നു | ചേർത്തു |
| വാർത്തു | വീർത്തു |

### വായിക്കാം.

പട്ട് ചാർത്തി.
ഒത്തു ചേർന്നു.
പരസ്പരം ചേർത്തു.
കോർത്ത് കോർത്ത്.
വാർത്ത ചോർന്നു.

### പൂരിപ്പിക്കാം വായിക്കാം.

1. അവർ വന്നു ........................ ചേർന്നു. ( ഒത്ത / ഒത്തു )
2. ................................ വർണ്ണങ്ങൾ. (നേർത്ത / നെർത്ത )
3.മനു ...................................... കേട്ടു. (വർത്ത / വാർത്ത )
4. അവൾ ........................... പറഞ്ഞു. (ഒർത്ത് / ഓർത്ത് )
5. കൂർത്ത് ........................ പല്ലുകൾ. (മുർത്ത / മൂർത്ത )

## പ്രവർത്തന പത്രം.45

### വായന നല്ലവായന

ഈച്ച

ഇലയിൽ ഇറച്ചി.

ഇറച്ചിയിൽ ഈച്ച.

ഇലയിൽ ഒരു ഈച്ച.

ഇലയിലും ഇറച്ചിയിലും ഈച്ചകൾ.

ഇന്ദിര ഈച്ചയെ ആട്ടി.

ഈച്ച പറന്നു.

ഇല പറന്നു.

ഇലയും ഈച്ചയും പറന്നു.

ഇതെങ്ങനെ ഇന്ദിര അന്ധാളിച്ചു.

### വായിക്കാം

| | |
|---|---|
| ഇടവം | ഇലഞ്ഞി |
| ഇടത്ത് | ഇടിഞ്ഞു |
| ഇടറി | ഇടിത്തീ |
| ഇത്തിരി | ഇക്കരെ |
| ഇപ്പോൾ | ഇവൻ |

| | |
|---|---|
| ഈറൻ | ഈറ്റ |
| ഈയൽ | ഈന്ത |
| ഈണം | ഈട്ടി |
| ഈറൻ | ഈയിടെ |
| ഈളുക | ഈഴവൻ |

### വായിക്കാം.

ഈർക്കിൽ ഈണ്ടു.

ഈണം ഇട്ടു.

ഇടയിൽ ഇരുന്നു.

## പ്രവർത്തന പത്രം.46

### വായന നല്ലവായന.

**ഇത്തി**

ഇല്ലത്തെ തൊടിയിലെ ഇത്തി പൂത്തു
ഇത്തിരി പൂക്കൾ വിരിഞ്ഞു നിന്നു.
ഇതളുകൾ കാറ്റിൽ മണം പരത്തി.
ഇലകൾ കാറ്റിൽ നൃത്തമാടി

**ഈണം**

ഈണത്തിൽ അമ്മിണി പാട്ടു പാടി
ഈരോലി ചോട്ടിൽ ഇരുന്നു പാടി
ഈച്ചയും പൂച്ചയും കൂടെക്കൂടി
ഈരടികൾ ഈണത്തിൽ ഏറ്റു പാടി.

### പൂരിപ്പിക്കാം.

( ഈയൽ, ഇടവത്തിൽ,ഈട്,ഇലയിൽ,ഇമ)

1. ...................................................... സദ്യ ഉണ്ടു.
2. ഈപ്പൻ .................................................. വെട്ടി.
3. സ്വർണ്ണം ................................................. വച്ചു.
4. ............................................... മഴ ഇടിയോടെ.
5. വിളക്കിനു ചുറ്റും ................................. പറന്നു.

### ശരിയായ പദം എടുത്തെഴുതുക, വായിക്കുക.

| | | |
|---|---|---|
| എറങ്ങി | ഇറങ്ങി | ..................... |
| ഇടത്ത് | എടത്ത് | ..................... |
| ഇക്കരെ | ഈക്കരെ | ..................... |
| എറച്ചി | ഇറച്ചി | ..................... |
| ഇറക്കി | എറക്കി | ..................... |

# കുട്ടിവായന.47

## *പ്രവർത്തന പത്രം.47*

### വായനാ സമയം

ഉത്തര

ഉത്തരം

ഉത്തരത്തിൽ

ഉത്തര ഉത്തരത്തിൽ നോക്കി.

ഉത്തര ഉത്തരം പറഞ്ഞു.

ഉത്തര ഉത്തരത്തിൽ നോക്കി ഉത്തരം പറഞ്ഞു.

### വായിക്കാം പറയാം

ഊട്ടി ഉറപ്പിച്ചു.

ഉടനെ ഉറങ്ങി.

ഉഷസ്സിൽ ഉണർന്നു.

ഉഷ ഉഷസ്സ് കണ്ടു.

ഉത്തരം ഉടനെ കിട്ടി.

### ഉണ്ണിയപ്പം

ഉമ്മ രണ്ടപ്പം ചുട്ടു

ഉണ്ണിക്കു ചുട്ടു രണ്ടപ്പം.

ഉരുളിയിൽ ചുട്ടുമ്മ അപ്പം

ഉറുമ്പുകൾ വന്നവ തിന്നാൻ

ഉണ്ണി അതു കണ്ടു ചൊല്ലി

ഉമ്മാ കൊടുക്കല്ലേ അപ്പം

ഉണ്ണിക്കു തന്നെ തിന്നേണം.

### വായിക്കാം

| | |
|---|---|
| ഉരൽ | ഊരാള് |
| ഉടുത്തു | ഊത്ത് |
| ഊതി | ഊരാൻ |
| ഉര | ഊര് |
| ഉപ്പ് | ഊഴി |

# കുട്ടിവായന.48

## *പ്രവർത്തന പത്രം.48*

### പൂരിപ്പിച്ച് പറയാം.

1. ഉമ ........................... ആടി. ( ഉഞ്ഞാൽ, ഊഞ്ഞാൽ )
2. എനിക്ക് ........................ വരുന്നു ( ഉറക്കം, ഊറക്കം )
3. അവൾ ........................... പറഞ്ഞു. (ഉറക്കെ, ഉറക്ക )
4. അവൻ ഒരു ................................ ആണ് . (ഉമ, ഊമ )
5. ........................ നല്ല രസമാണ് ( ഊത്തപ്പം / ഉത്തപ്പം)

### നല്ലവായന

ഉരുളയ്ക്ക് ഉപ്പേരി.

ഊമ പെണ്ണിന് ഉരിയാടാ പയ്യൻ .

ഉരി ഉമി വേണം.

ഉച്ചയ്ക്ക് ഉറങ്ങി.

### വായനാ ലഹരി

ഉടുക്ക് കൊട്ടി.

ഉറയിൽ ഇട്ടു.

ഉറക്കെ പറഞ്ഞു.

ഉടുത്ത് ഒരുങ്ങി.

ഉമി കത്തിച്ചു.

### ശരിയായ പദം ഏത് ? എഴുതുക വായിക്കുക.

ഉഷരം / ഊഷരം

ഉടക്കി / ഒടക്കി

ഉറക്കെ / ഒറക്കെ

ഒടവാൾ / ഉടവാൾ

ഉൺ / ഊൺ

# കുട്ടിവായന.49

## പ്രവർത്തന പത്രം.49

## വായന നല്ലവായന.

### ഒന്നാമൻ

ഒന്നാം ബഞ്ചിൽ ഒന്നിച്ചിരുന്ന്
നന്നായ് ഞങ്ങൾ പഠിക്കുന്നു.
ഒന്നും ഒന്നും രണ്ടെന്ന വാക്ക്
എന്നും ഞങ്ങൾ സ്മരിക്കുന്നു.
ഒന്നാമതകാൻ എന്നും ഞങ്ങൾ
ചൊല്ലുന്ന പാഠം പഠിക്കുന്നു.
മുന്നിലെ ബഞ്ചിലും പിന്നിലെ ബഞ്ചിലും
ഒന്നിച്ചിരുന്ന് പഠിക്കുന്നു.

കന്ന്
കുന്നിൽ ചരിവിലെ ചിന്നവീട്.
ചാന്നന്റെ കൊച്ചു വീട്.
ചാന്നന് ഒരു കന്നാലി ഉണ്ട്.
കന്നാലി പ്രസവിച്ചു.
കന്നി മാസത്തിലാ കന്ന് പിറന്നത്.
വെളു വെളുത്ത കന്ന്.

## വായിക്കാം

വന്നു നിന്നു.
അന്നു തന്ന പൊന്ന്.
കുന്നിലൊരു പന്നി .
പിന്നിൽ നിന്നും വന്നു.
മൂന്നിന് മുന്നിൽ രണ്ട്.
ഒന്നിന് പിന്നിൽ രണ്ട്.

## ശരിയായ വാക്ക് ചേർത്ത് പൂരിപ്പിക്കാം.

1. വന്നവർ വന്നവർ ............... നിന്നു.(നിരന്നു / നരന്നു.)
2. ഒരു പക്ഷി .......................... വന്നു. (പിറന്നു / പറന്നു )
3.അവിടെ ........................... ചെന്നു. ( കിടന്നു / കടന്നു )
4. എന്നും .......................... കാണണം. (നന്നെ / നിന്നെ )
5. .................. ഒന്നും പറഞ്ഞില്ല. (അന്നരം / അന്നേരം )

## *പ്രവർത്തന പത്രം.50*

### വായന നല്ലവായന.

**ചിലങ്ക**

മങ്കമാർ രണ്ടെണ്ണം വന്നു ചേർന്നു.
കാലിൽ ചിലങ്ക അണിഞ്ഞു വന്നു.
തങ്കച്ചിലങ്ക അണിഞ്ഞു വന്നു.
കെങ്കേമമായി ഒരുങ്ങി വന്നു.

### വായിക്കാം, വായിക്കാം

അങ്കം വെട്ടി.
പങ്ക കറക്കി.
ചങ്ക് മുറിഞ്ഞു.
ചുങ്കം കൊടുത്തു.
ചിലങ്ക വാങ്ങി.

### ഉചിതമായ പദം ചേർത്ത് എഴുതുക,വായിക്കുക.

1.ശങ്കരൻ ............................................ വാങ്ങി. (തങ്ക / തങ്കം )
2. ............................................... ദിനം വന്നു (തിങ്കൾ / തങ്കൾ)
3. കപ്പൽ ........................................... ഇട്ടു. (നങ്കുരം / നങ്കൂരം )
4.അമ്മുവിന് ............................... വന്നു. (സങ്കടം / സംങ്കടം)
5. അവൻ എന്റെ .......................... ആണ്. ( പങ്കളി / പങ്കാളി )

### വായിക്കാം

ശങ്കരിക്ക് ആശങ്ക തോന്നി.
ഞാൻ സങ്കല്പിച്ച് നോക്കി.
വീട് നന്നായി അലങ്കരിച്ചു.
പങ്കായം കൊണ്ട് തുഴഞ്ഞു.
ചുങ്കം കൊടുത്തു.
ചങ്കിൽ പിടിച്ചു.

# കുട്ടിവായന.51

## *പ്രവർത്തന പത്രം.51*

## വായന നല്ലവായന.

**കാണാൻ**

കാണാൻ അഴകുള്ള മാൻ
പറയാൻ വന്നവൻ ഞാൻ.
കൊതിയൻ തിന്നാൻ വന്നു.
കാണാൻ നല്ല ചന്തം.

ഒന്നാമൻ

ഞാൻ രണ്ടാമൻ.

ഇവൻ ഒന്നാമൻ.

തേൻ നുകരാൻ

പുലരാൻ നേരം.

അറിവിൻ ലോകം.

## വായനാ ലോകം .

| | |
|---|---|
| അവനവൻ | അറിയാൻ |
| ചൊറിയാൻ | ചോരാൻ |
| കോരൻ | കോരാൻ |
| ആടാൻ | പാടാൻ |
| കരയാൻ | കുരങ്ങൻ |
| മത്തൻ | മാത്തൻ |
| സൂര്യൻ | ചന്ദ്രൻ |

## പൂരിപ്പിക്കാം.

1. ............................................ കുടിക്കാൻ വന്നു. (തൻ / തേൻ )
2. .................................... പിറന്ന ഭവനം (കുടിയാൻ / കുടയാൻ )
3. വലിയ ................................ പുഴു. (ചൊറിയൻ / ചൊറിയാൻ )
4. കുടം വെള്ളം ................. വച്ചു. ( നിറയ്ക്കാൻ / നറയ്ക്കാൻ )
5. ...................................... ചരുവിലെ മരം ( കന്നിൻ / കുന്നിൻ )

# കുട്ടിവായന.52

## പ്രവർത്തന പത്രം.52

### വായിക്കാം

കറക്കാൻ കുറുക്കൻ

പറക്കാൻ എടുക്കാൻ

പൊറുക്കാൻ പറക്കാൻ

നിൽക്കാൻ നോക്കാൻ

മറക്കാൻ മുറുക്കാൻ

### വായിക്കാം, വായിക്കാം

തേൻ പൂന്തേൻ.

പൂന്തേൻ ഉണ്ണാൻ.

കയറാൻ പോയവൻ.

അറിയാൻ വന്നവൻ.

### ശരിയായ പദം എടുത്തെഴുതുക,വായിക്കുക.

കലമാൻ / കലമൻ ..............................

ചിറകിൻ / ചിറകൻ ..............................

നറുതൻ / നറുതേൻ ..............................

കഴിയാൻ / കഴിയൻ ..............................

പറക്കാൻ / പറക്കൻ ..............................

### വായിക്കാം

വന്നു നിന്നു.

അന്നു തന്ന പൊന്ന്.

കുന്നിലൊരു പന്നി .

പിന്നിൽ നിന്നും വന്നു.

മൂന്നിന് മുന്നിൽ രണ്ട്.

ഒന്നിന് പിന്നിൽ രണ്ട്.

*പ്രവർത്തന പത്രം.53*

വായന നല്ലവായന.

**കടൽ**

കടലിൽ കപ്പൽ.
വലിയ കപ്പൽ.
കടലിൽ വലിയ കപ്പൽ.

കായൽ

പായൽ

കായലിൽ പായൽ.

വയൽ

കുയിൽ

വയലിൽ ഒരു കുയിൽ.

വായനാ മൂല .

മയിൽ ആടി.

മുയൽ ചാടി.

കുയിൽ പാടി.

വെയിൽ വന്നു.

പകൽ മറഞ്ഞു.

ശരിയായ പദം പൂരിപ്പിക്കും.

1. .................. വീട്ടിൽ ഒരു മുയൽ. (അയൽ/ അയാൽ)
2. ........................... തേള് കുത്തി. ( കാലൽ / കാലിൽ )
3. .......................... കഥ പറഞ്ഞു. (കാതൽ / കാതിൽ )
4 .പശുവിന്റെ ......................... കറന്നു . ( പൽ / പാൽ )
6. ............................. വന്നു നിന്നു. (മുന്നിൽ / മുന്നൽ )

നല്ലവായന

ആൽ
ആൽ മരത്തിൻ
ചില്ലയിൽ ഇരുന്ന്
പാടുന്നുണ്ടേ കൊച്ചു കുയിൽ.
ആൽ മരത്തിൻ നിഴലിൽ ഇരുന്നവൾ
കേൾക്കുന്നുണ്ടാ നാദം.

# കുട്ടിവായന.54

***പ്രവർത്തന പത്രം.54***

**വായന നല്ലവായന.**

തൊട്ടിൽ

അമ്മ തൊട്ടിൽ ആട്ടും.
കുട്ടി ഉറങ്ങാൻ തൊട്ടിൽ ആട്ടും.
അമ്മ പാട്ടു പാടും.
പാട്ടു പാടുന്നമ്മ.
ഒട്ടും ഇല്ല ഈണം.
കുട്ടി തൊണ്ണ കാട്ടി ചിരിച്ചുറങ്ങും.

**വായനാച്ചന്തം**

കുട്ടി  തൊട്ടു.
പൊട്ടു തൊട്ടു.
ചട്ടി പൊട്ടി.
എട്ട് വെട്ട്.
മുട്ട പൊട്ടി.

തട്ടം ഇട്ട കുട്ടി.
വെട്ടി വെട്ടി ഇട്ടു.
തോട്ടിൽ അട്ട പെട്ടു.
തട്ടിത്തട്ടി നോക്കി.
ചട്ടിയിൽ എട്ട് മുട്ട.
വട്ടപ്പൊട്ട് തൊട്ടു.
മുട്ടനൊരു കൊട്ടു കിട്ടി.
കൊട്ട് കേട്ട് ഞെട്ടി.

പട്ടം

കുട്ടി കെട്ടിയ പട്ടം.
പൊട്ടിയല്ലോ കഷ്ടം.

*അട്ട*

അട്ടകളുണ്ടേ എട്ട്.
തൊട്ടവരെല്ലാം ഞെട്ടി.

കുട്ടി

ഒട്ടിയ വയറാൽ ഒരു കുട്ടി
പൊട്ടിയ പാത്രവുമായ് വന്നേരം
പൊട്ടിയ വസിയിൽ ഒരു കഷ്ണം
റൊട്ടിയതിട്ടു കൊടുത്തല്ലോ.

പട്ടാളം

അതിരു കാക്കും പട്ടാളം.
ബൂട്ട് കെട്ടിയ പട്ടാളം.
വെടി പൊട്ടിക്കും പട്ടാളം.
നമ്മുടെ സ്വന്തം പട്ടാളം.

## പ്രവർത്തന പത്രം.55

### ശരിയായ പദം എടുത്തെഴുതുക.

കാട്ടളൻ / കാട്ടാളൻ ..................................
മുട്ടോളം / മുട്ടൊളം ..................................
നട്ട നനച്ചു / നട്ടു നനച്ചു. ..................................
ചീട്ട കൊട്ടാരം / ചീട്ട് കോട്ടാരം / ചീട്ട് കൊട്ടാരം ..................................
മുട്ടൊളം / മുട്ടോളം ..................................
ഒട്ടൊക്കെ / ഓട്ടൊക്കെ ..................................

### ശരിയായ പദം ചേർത്ത് പൂരിപ്പിക്കാം,വായിക്കാം.

(കിട്ടി ,അട്ടത്ത് ,പൊട്ടി, നട്ട, ഞെട്ടി ,കട്ടി)

1. ......................................... വച്ച് തൂക്കി.
2. കുട്ടി .........................................വിറച്ചു.
3. പട്ടം ............................................വീണു.
4. ഞാൻ ........................................ചെടി.
5. ...............................ഒരു കൊട്ടത്തേങ്ങ.
6. കൊപ്ര ആട്ടി വെളിച്ചെണ്ണ ................ .

### ശരിയായ പദം ചേർത്ത് വായിക്കുക.

| | | |
|---|---|---|
| വെടി | നട്ടു | .................................... |
| അടി | പൊട്ടിച്ചു | .................................... |
| മുടി | പൊട്ടി | .................................... |
| ചെടി | വെട്ടി | .................................... |
| പപ്പടം | കിട്ടി | ..................................... |

### പാട്ടിന്റെ സമയം

വട്ടപ്പൊട്ട്

വട്ടപ്പൊട്ട് തൊട്ടവരെല്ലാം
വട്ടത്തിൽ വന്ന് നിക്കേണം.
വട്ട് കളിക്കാൻ വന്നവരെല്ലാം
വട്ടാൽ വരേണം കട്ടായം.

## പ്രവർത്തന പത്രം.56

### വായന നല്ലവായന.

അപ്പം

അപ്പം ചുട്ടു.

കലത്തപ്പം ചുട്ടു

അമ്മ അപ്പം ചുട്ടു .

അമ്മ കലത്തപ്പം ചുട്ടു.

അപ്പു ഒരപ്പം എടുത്തു.

അപ്പൻ രണ്ടപ്പം എടുത്തു

### പാടാം രസിക്കാം

**അപ്പൂപ്പൻ**

ജപ്പാനിൽ നിന്നപ്പൂപ്പൻ
കപ്പലു കേറി വരണുണ്ട്
വെളുവെളെ മിന്നും കുപ്പായം.
തലയിൽ വലിയൊരു തൊപ്പിം വച്ച്
കപ്പലു കേറി വരണുണ്ട്.

### ശരിയായ പദം ചേർത്ത് പൂരിപ്പിക്കുക.

1.അപ്പു ................................................ വച്ചു. (തൊപ്പ / തൊപ്പി )

2. .............................................. ചായ കുടിച്ചു. ( കപ്പൽ / കപ്പിൽ )

3. അവൻ ......................................... വരും. ( ഇപ്പോൾ / ഇപ്പൊാൾ )

4.കുപ്പി വീണ് ............................... ( പൊട്ടിപ്പൊായി / പൊട്ടിപ്പോയി )

5. ചിപ്പി തലയിൽ തൊപ്പി ........................ നോക്കി. ( തുപ്പി / തപ്പി )

### അപ്പൂപ്പൻ

അപ്പൂപ്പൻ താടി പോലെ.

തൊപ്പിയുള്ള അപ്പൂപ്പൻ.

വെള്ള കുപ്പായം ഇട്ടോണ്ട്.

കോപ്പയിൽ കാപ്പി മോന്തി.

## പ്രവർത്തന പത്രം.57

**ശരിയായ പദം എടുത്തെഴുതുക , വായിക്കുക.**

അപ്പുപ്പൻ / അപ്പൂപ്പൻ ............................

കരിപ്പാത്രം / കരിപാത്രം ............................

തട്ടിപ്പൊട്ടി / തട്ടിപ്പോട്ടി ............................

ഞെട്ടിപ്പൊയി / ഞെട്ടിപ്പോയി ............................

പൊട്ടിപ്പൊയി / പൊട്ടിപ്പോയി ............................

വട്ടപ്പൊട്ട് / വട്ടപ്പോട്ട് ............................

**പദങ്ങൾ ചേർത്ത് പറയുക, എഴുതുക.**

തട്ടി + പൊട്ടി ................................

പൊട്ടി + പോയി .................................

മുട്ടി + പോയി ................................

കിട്ടി + പോയി ................................

കുപ്പി + പാത്രം ................................

**പാട്ടിന്റെ സമയം**

**കുപ്പി**

കുപ്പിയിലിട്ടെൻ അപ്പൻ

ഉപ്പുമാങ്ങകൾ അപ്പൻ

**തൊപ്പി**

തൊപ്പി വച്ചെൻ പാപ്പൻ

വീപ്പയിലെന്തോ തപ്പി.

ഉപ്പിലിട്ട മാങ്ങ ഉപ്പുമാങ്ങ.

## *പ്രവർത്തന പത്രം.58*

### നല്ലവായന.

അ**മ്മ**

എന്റെ അ**മ്മ**.
ഉ**മ്മ** തരും അ**മ്മ**.
ക**മ്മ**ലിട്ട അ**മ്മ**.
നന്മയുള്ള അ**മ്മ**.
എന്റെ സ്വന്തം അ**മ്മ** .

### വായിക്കാം.

ത**മ്മി**ൽത്ത**മ്മി**ൽ പറഞ്ഞു.
തു**മ്മി**ത്തു**മ്മി** നടന്നു.
പ**മ്മി**പ്പ**മ്മി** വന്നു.
ചി**മ്മി**ച്ചി**മ്മി** തുറന്നു.

### വായനാ സമയം.

| | |
|---|---|
| കു**മ്മാ**യം | ക**മ്മീ**സ് |
| ചെ**മ്മീ**ൻ | ചെ**മ്മാ**നം |
| അ**മ്മാ**നം | അ**മ്മാ**വൻ |
| ത**മ്മി**ൽ | തു**മ്മ**ൽ |
| കു**മ്മെ**ട്ടി | കു**മ്മാ**ട്ടി |

അ**മ്മൂമ്മ** കണ്ണ് ചി**മ്മി** തുറന്നു.
അ**മ്മു** ചെ**മ്മാ**നം നോക്കി.
അ**മ്മാ**വൻ കു**മ്മാ**യം പൂശി.
അ**മ്മാ**യി സ**മ്മ**തം മൂളി.
അ**മ്മു** കു**മ്മെ**ട്ടി തിന്നു.

### ശരിയായ പദം എടുത്തെഴുതുക , വായിക്കുക.

| | |
|---|---|
| ന**മ്മ**ടെ / ന**മ്മു**ടെ | .............................. |
| സ**മ്മ**നം / സ**മ്മാ**നം | .............................. |
| പാറ**മ്മേ**ൽ / പാറ**മ്മെ**ൽ | .............................. |
| അ**മ്മ**ക്കൽ / അ**മ്മി**ക്കൽ | .............................. |
| നിർ**മ്മ**ല്യം / നിർ**മ്മാ**ല്യം | .............................. |

*പ്രവർത്തന പത്രം.59*

**നല്ലവായന.**

കേ**ൾ**വി

കേ**ൾ**ക്കണം കേ**ൾ**ക്കണം

കോ**ൾ**മയിർ കൊള്ളണം.

നാ**ൾ**ക്കു നാ**ൾ** ഉയരുന്ന

നാടിന്റെ഻ ഖ്യാതിയാൽ.

കോ**ൾ**മയിർ കൊള്ളണം

**വായനാ ലോകം.**

എന്റെ **മോൾ,**പൊന്നു മോ**ൾ**.

കഥ കേ**ൾ**ക്കാൻ വന്നവ**ൾ**.

അപ്പപ്പോ**ൾ** തരണം.

പൂക്ക**ൾ** മണം പരത്തി.

തിങ്ക**ൾ** നല്ല ദിവസം

വാ**ൾ**
വാ**ൾ** എടുത്തു.

അവ**ൾ** വാ**ൾ** എടുത്തു.

വാ**ൾ** എടുത്തു വീശി.

വാ**ൾ** തേ**ൾ**
ആ**ൾ** മാ**ൾ**
തോ**ൾ** താ**ൾ**
കേ**ൾ**വി നാ**ൾ**

**പൂരിപ്പിച്ച് വായിക്കുക.**

1.രാജാവ് ........................................... എടുത്തു. (ഉടവാ**ൾ** / ഉടവ**ൾ** )

2. .................................... എന്ത് രസം ( കേ**ൾ**ക്കാൻ / കെ**ൾ**ക്കാൻ )

3. അനുവിനെ ........................................... കുത്തി.(തോ**ൾ** / തേ**ൾ** )

4. ............................... വിഷമം തോന്നി. ( കെട്ടപ്പോ**ൾ** / കേട്ടപ്പോ**ൾ** )

5. കലം നിലത്ത് വീണ് ........................(പൊട്ടി**പ്പോ**യി / പൊട്ടി**പ്പൊ**യി )

# കുട്ടിവായന.60

***<u>പ്രവർത്തന പത്രം.60</u>***

**<u>നല്ലവായന</u>**

വാർ

വാർമഴവില്ല്
വാർമുകിൽ
വാർക്കുഴൽ

കാർ

കാർമേഘം
കാർത്തിക

ചാർ
ചാർത്തി
ചാർവ്വകൻ

നേർ

നേർച്ച
നേർക്കാഴ്ച

**<u>വായനാ ലോകം</u>**

പടർന്ന വള്ളികൾ.

വിടർന്ന പൂക്കൾ.

അടർന്ന പേപ്പറുകൾ.

തോർന്ന മഴ.

| | | | | |
|---|---|---|---|---|
| കാർ | ചാർ | തേർ | നേർ | പേർ |
| ചാർത്തി | ചേർത്തി | ചോർത്തി | ചേർന്നു | ചോർന്നു |

**<u>പൂരിപ്പിക്കാം വായിക്കാം</u>**

1. ............................ തന്നെ ശരണം (കർത്താവ് / കർത്തവ്യം )

2. കുട്ടി എന്തോ .................... കരഞ്ഞു. (ഓർത്തു /കോർത്തു )

3. മരത്തിൽ വള്ളികൾ .......................... ( പടർന്നു / അടർന്നു )

4. ചെടിയിൽ പൂക്കൾ ............................ ( വിടർന്നു / വടർന്നു )

5. നെറ്റിയിൽ തിലകം ............................. (ചേർത്തു / ചാർത്തി)

***പ്രവർത്തന പത്രം.61***

**നല്ലവായന**

**മേഘ**

മേഘ മുഖം മിനുക്കി.

മേഘ നഖം വെട്ടി.

മേഘ ഒരു ഗാനം ആലപിച്ചു

**വായനാ ലോകം.**

എന്താണ് അവിടെ ഒരാഘോഷം?

ഘടി എട്ടടിച്ചു.

എട്ടിന്റെ ഒരു ഘടകം ആണ് നാല്.

മേഘ മേഘത്തെ നോക്കി.

ഇന്ന് സംഘർഷത്തിന് അയവുണ്ട്.

അവർ സംഘം ചേർന്ന് നിന്നു.

**വായനാ സമയം.**

സുഖമുള്ള കാഴ്ച.

മയൂഖ വേഗത്തിൽ ഓടി.

സഖിമാർ ഒത്തുകൂടി.

സംഖ്യകൾ കൂട്ടിയാൽ സംഖ്യകൾ കിട്ടു.

**വായിക്കാം.**

ഒരു ഗതിയും പരഗതിയും ഇല്ല.

സാഗര തീരത്തേ നഗരം.

ഗഗനം മനോഹരം .

ഗംഗ ഒഴുകി.

ഗംഗയുടെ ഗാനം ഗംഭീരം.

ഗണേശന്റെ ഗജം ഓടി.

ഗണിതം സുഖതം.

## *പ്രവർത്തന പത്രം.62*

### പൂരിപ്പിച്ച് വായിക്കാം.

(ഗീതം,ലേഖനം, സാഗരങ്ങൾ, രേഖ, ദു:ഖം )

1.രേഖ ഒരു ............................................ വരച്ചു.

2.ലേഖ ഒരു നല്ല .................................... എഴുതി.

3.സഖിമാർ ഒരു ........................................ പാടി.

4. അഖിലയുടെ മുഖത്ത് ..................... നിഴലിച്ചു.

5. ആ കപ്പൽ .......................................... താണ്ടി.

### വായനാ സമയം.

| | |
|---|---|
| ഖണ്ഡിക | ഖരം |
| ഖനി | ഖനിജം |
| ഖനകം | ഖരകം |
| ഖരിക | ഖർജനം |
| ഖലകം | ഖലതി |

| | |
|---|---|
| ഗദം | ഗദി |
| ഗന്ധം | ഗന്ധി |
| ഗണകം | ഗഞ്ചിറ |
| ഗണിക | ഗതാഗതം |
| ഗണപതി | ഗണിതം |

| | |
|---|---|
| ഘടകം | ഘടന |
| ഘടിത | ഘട്ടനം |
| ഘനത്വം | ഘണ്ടിക |
| ഘനാന്തം | ഘർഷം |
| ഘുരി | ഘൃതം |

## പ്രവർത്തന പത്രം.63

### വായനാ സമയം.

ജയക്ക് ജോലി ലഭിച്ചു.
ജൂലൈ മാസമാണ് ജയ ജനിച്ചത്.
ജയയുടെ അച്ഛൻ വിജയൻ .
ജപ്പാനിൽ ജോലി ചെയ്യുന്നു.
വിജയൻ ഒരു ജൂതൻ ആണ്

വിജയ വിജയിച്ചു.
രാജി രാജി വച്ചു
ജയ ജാതി ചോദിച്ചു.
ജനം ജനഗണ പാടി.
വിജയൻ ജാതിക്ക തിന്നു.
ജഗതിയിലാണ് ഞാൻ ജനിച്ചത്.
ജാഥകം കളഞ്ഞു പോയി.

### വായിക്കുക.

| | |
|---|---|
| ഛന്നം | ഛന്ദസ് |
| ഛർദി | ഛല്ലി |
| ഛാദം | ഛായം |
| ഛിദ | ഛിത്ത് |
| ഛിദ്രം | ഛിന്നം |

| | |
|---|---|
| ഝടിതി | ഝമ്പം |
| ഝല്ലി | ഝഷം |
| ഝലം | ഝരം |
| ഝമ്പ | ഝരിക |
| ഝല്ലകം | ഝല്ലരി |

### ശരിയായ പദം ചേർത്ത് എഴുതുക , വായിക്കുക.

1. രാജാവ് .................. വിളിച്ചു ചേർത്തു. (പ്രചകളെ / പ്രജകളെ)

2. ചന്ദ്രൻ ............................................. കുടിച്ചു. (ചായ / ഛായ )

3. ......................................... ജീവാമൃതം ആണ്. ( ഝലം / ജലം )

4. വിജയൻ ................................ വന്നു. ( വിഛയിച്ച് / വിജയിച്ച് )

5. അവന്റെ ................................ എഴുതി ( ഝാതകം / ജാതകം )

# കുട്ടിവായന.64

## പ്രവർത്തന പത്രം.64

**വായിച്ച് രസിക്കാം.**

തോ**ണി**

നാ**ണി**

നാ**ണി** തോ**ണി** തുഴഞ്ഞു.

പാ**ണ**ൻ അത് കണ്ടു.

നാ**ണി**ക്ക് നാ**ണം** വന്നു.

നാന**ണി**യുടെ നു**ണ**ക്കുഴി പാ**ണ**ൻ കണ്ടു.

പാ**ണ**ൻ ചിരിച്ചു.

നാ**ണി** ചിരിച്ചു.

**മണം.**

കാ**ണാ**ൻ അഴകുള്ള പൂക്കൾ .

മ**ണം** പരത്തുന്ന പൂക്കൾ.

**വായിക്കാം പറയാം**

**വീണ**

മ**ണി**വീ**ണ** മീട്ടി.

**അണ**

അ**ണ** പൊട്ടി.

ദുഃഖം അ**ണ**പൊട്ടി ഒഴുകി.

നാല**ണ** വേ**ണം.**

**ആണി**

ആ**ണി** തറച്ചു.

വേ**ണു** ആ**ണ**യിട്ടു.

**കണി**

ക**ണി** കാ**ണണം.**

ക**ണി** കണ്ടു**ണ**ര**ണം.**

## *പ്രവർത്തന പത്രം.65*

### ശരിയായ വാക്ക് എടുത്തെഴുതുക, വായിക്കുക.

നണയം / നാണയം ..................................

നാണം / നാണ ..................................

നുണ / നിണ ..................................

നണം / നിണം ..................................

നുണയണം / നണയണം ..................................

പാണയം / പണയം ..................................

### പൂരിപ്പിച്ച് വായിക്കുക.

(പണിക്കാർ,വീണ,പണം,ഉണർന്നു,മേനി)

1. നനഞ്ഞ ........................................... തുടച്ചു.
2. കുടുക്കയിൽ ............................. നിറഞ്ഞു .
3. സീന കണി കണ്ട് .......................................
4. പണി കഴിഞ്ഞ് .......................... പോയി.
5. വാണി ......................................... വായിച്ചു.

### പാടാം പാടാം .

#### മധുകണം

മണിയന്റെ തൊടിയിലെ

മണമുള്ള പൂക്കളിൽ

ചോണനുറുമ്പുകൾ വന്നു ചേർന്നു.

മധുകണം കണ്ടവർ

തേൻകണം നുണഞ്ഞോണ്ട്

മണമുള്ള പൂക്കളിൽ രാപ്പാർത്തു.

# കുട്ടിവായന.66

***പ്രവർത്തന പത്രം.66***

**വായനാ സമയം.**

**ഓ**മനിച്ചു വളർത്തി.

**ഓ**ർത്തു പറഞ്ഞു.

**ഓ**ർമ്മ  വന്നു.

**ഓ**ലയിൽ ഇരുന്നു.

**ഓ**ട് പൊട്ടി.

**ഓ**ടി **ഒ**ളിച്ചു.

**ഓ**ത്തു പള്ളി.

**ഓ**ട നിറഞ്ഞു

| | |
|---|---|
| **ഓ**തി | **ഓ**തിക്കൻ |
| **ഓ**ടി | **ഓ**ടണം |
| **ഓ**ണം | **ഓ**ണാഘോഷം |
| **ഓ**മന | **ഓ**മനത്തിങ്കൾ |
| **ഓ**ല | **ഓ**ലത്തുമത്ത് |

**പാട്ടിന്റെ സമയം**

## ഓണത്തുമ്പികൾ

**ഓ**ണം **ഓ**ടി വന്നെന്റെ വീട്ടിൽ
**ഓ**രോരോ ചില്ലയും പൂവണിഞ്ഞു.
**ഓ**ണനിലാവ് വിരുന്നു വന്നു
**ഓ**ണത്തുമ്പികൾ പാറിവന്നു.
**ഓ**മന കുട്ടൻ **ഓ**ടി വന്നു.
**ഓ**ണ പാട്ടുകൾ പാടി ഞങ്ങൾ
**ഓ**ണത്തപ്പനെ വരവേറ്റു

## *പ്രവർത്തന പത്രം.67*

**ശരിയായ പദം ചേർത്ത് പൂരിപ്പിക്കാം.**

1. അവൻ ഒന്നാമതായി ............................. ( ഒടിയെത്തി / ഓടിയെത്തി )

2. കിളി പറന്നു വന്ന് .............................. ഇരുന്നു. (ഒലയിൽ / ഓലയിൽ )

3. അവൾ എന്തോ .................................... ഇരുന്നു. ( ഒർത്ത് / ഓർത്ത് )

4. മതിലിൽ വലിയൊരു ......................................................... (ഓട്ട / ഒട്ട )

5.അനുവിന് ............................................... വന്നു. (ഓക്കാനം / ഒക്കനം )

**മൗന വായന**

**ഔ**ഷധം

**ഔ**ചിത്യം

**ഔ**റത്ത്

**ഔ**പമ്യം

**ഔ**രസ

**പാട്ടിന്റെ സമയം**

**ഔചിത്യം**

**ഔ**ചിത്യമോടെ പറക വേണം

**ഔ**ന്നിത്യമോടെ നിൽക്കവേണം.

**ഔ**ദാര്യമല്ലെന്ന് അറിഞ്ഞു നമ്മൾ

**ഔര**സ്ക ധർമ്മം പാലിക്കേണം

**ഉചിതമായ പദം ചേർത്ത് പൂരിപ്പിച്ച് വായിക്കുക.**

(ഓജസ്സ്, ഔചിത്യം, ഔദകത്തിൽ,ഔദാര്യം,ഔഷധം )

1. ഓമന .................................................... കുടിച്ചു.

2. അവൻ ............................... ഇല്ലാതെ പെരുമാറി.

3. ...................................................... വറ്റിയ മുഖം.

4. റേഷൻ ആരുടേയും ................................. അല്ല.

5.ഒരു .................................... ആണ് അവന്റെ വീട്.

# കുട്ടിവായന.68

**_പ്രവർത്തന പത്രം.68_**

**നല്ല വായന**

എട്ട് എന്ന് എണ്ണി.

എട്ടുകാലിക്ക് എട്ട് കാല്.

എനിക്ക് എന്നും ഓണം.

എത്തി നോക്കി.

എടുത്തു വച്ചു.

എക്കിട്ട് ഇട്ടു.

എങ്ങോട്ട് പോയി.

**പാട്ടിന്റെ സമയം.**

**ഏകത**

ഐക്യബോധം വളരണം

ഏകരായ് നാം വാഴണം

എന്നുമീ മണ്ണിൽ നാം

എളിമയോടെ കഴിയണം.

എന്റെ നാട് കാക്കണം

ഏക ലോകം വാഴണം

എന്നുമെന്നും നന്മ ചെയ്തു

എളിമയോടെ കഴിയണം.

**ഏട്ടൻ**

എന്നും പുലർച്ചെ എഴുന്നേറ്റ്

എണ്ണയും തേച്ചു കുളിക്കേണം.

ഏത്തപ്പഴം ഒന്ന് തിന്നേണം.

ഏട്ടനോടൊത്ത് കളിക്കേണം.

# കുട്ടിവായന.69

***പ്രവർത്തന പത്രം.69***

**പാട്ടിന്റെ സമയം.**

## എട്ടുകാലി

എട്ട് കാല് ഉള്ളവനാ
എട്ടുകാലി എന്ന് പേരവനാ.
എന്നും വല നെയ്ത് കാത്തിരിക്കും.
എന്തിനേം വലയിൽ പൂട്ടി വയ്ക്കും.
ഏഴയലത്ത് ശത്രു വന്നാൽ
ഏതവനായാലും വലയിൽ കെട്ടും.
ഏറ്റവും വിഷമുള്ള ജീവിയാണ്
എട്ടുകാലി എന്ന് പേരുള്ളോനാ.

**വായിക്കാം**

| | | | |
|---|---|---|---|
| ഏഷണി | ഏകാകി | ഐക്യം | ഐരാവതം |
| ഏലം | ഏട്ടത്തി | ഐസ് | ഐവർ |
| ഏറയും | ഏറിയാൽ | ഐശ്വര്യ | ഐണം |
| ഏക്കർ | ഏത്തക്കായ | ഐര് | ഐലം |
| ഏകകം | ഏറിയാൽ | ഐവനം | ഐഹിക |

**പൂരിപ്പിക്കാം വായിക്കാം.**

1.എല്ലാവരും ............................ കഴിയണം. (എക്യത്തോടെ / ഐക്യത്തോടെ)

2. ................ ജീവിതം സുഖ ദു:ഖങ്ങൾ നിറഞ്ഞതാണ്. ( എഹിക / ഐഹിക )

3. നല്ല ........................................................ ഉള്ള കുട്ടി ( ഐശ്വര്യം / ഐശ്വര്യ )

4. അവൾ എന്നും ............................................... കൂട്ടും (ഏഷണി / ഐ ഷണി )

5. അവൻ എന്തിനും ............................................ ആണ് . ( ഐതിര് / എതിര് )

# കുട്ടിവായന.70

## *പ്രവർത്തന പത്രം.70.*

## ശരിയായ പദം എടുത്തെഴുതുക.

| | |
|---|---|
| എഷണി / ഏഷണി | |
| ഏറെയും / എറയും | |
| ഏന്തിവന്നു / എന്തിവന്നു. | |
| ഏട്ടായിരം / എട്ടായിരം | |
| എറിഞ്ഞു / ഐറിഞ്ഞു | |
| എതിഹ്യം / ഐതീഹ്യം | |
| ഐരാവതം / ഏരാവതം | |

## പാട്ടുപെട്ടി

### ഏലയ്യം

ഏലയ്യം പാടി വരുന്നേ
ഐവരും പാടി വരുന്നേ
ഐരാവത പുറത്തു കേറി
ഐവരും പാടി വരുന്നേ

## വായനാച്ചന്തം.

ഏച്ചു കെട്ടി.

ഏറ്റവും വലിയ.

ഏറിയ പങ്കും.

ഏണി ചുമന്നു.

ഏഷണി പറഞ്ഞു.

ഏട്ടിലെ പശു.

ഏറിയും കുറഞ്ഞും.